കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ഒറ്റപ്പാലം നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട് 2017- 18

## ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-22-76/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 10/05/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ഒറ്റപ്പാലം നഗരസഭ

സർ,

വിഷയം : ഒറ്റപ്പാലം നഗരസഭ – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)).

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രസഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4) ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി-22-76/2019 തിയ്യതി:-10.05.2019

## പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 18-10-2017 മുതൽ 12-12-2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-12-2018 മുതൽ 26-12-2018 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.കെ.വി. അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.കെ.വി.സുസ്മിത | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സരിത. പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജിജീഷ്. | ഓഡിറ്റർ |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.നാരായണൻ നമ്പൂതിരി | 1-4-2017 മുതൽ 31-03-18 വരെ |
| സെക്രട്ടറി | ശ്രീമതി.കവിത.എസ്.കുമാർ | 1-4-2017 മുതൽ 20-6-2017 വരെ |
| | ശ്രീ.ശൈലേഷ് കുമാർ | 21-6-2017 മുതൽ 1-7-2017 |
| | ശ്രീ.എം.സുഗതകുമാർ | 2-7-2017 മുതൽ 31-03-18 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സുഭാഷ്.എസ് | 1-4-2017മുതൽ 11-5-2017വരെ |
| | ശ്രീ.ഷിബു.എ.ആർ | 12-5-2017 മുതൽ 4-8-2017 വരെ |
| | ശ്രീമതി.സൂര്യ.എം.എസ് | 5-8-2017 മുതൽ 1-11-2017വരെ |
| | ശ്രീമതി. ശ്രുതിമേനോൻ.വി | 2-11-2017 മുതൽ 12-3-2018 വരെ |
| | ശ്രീമതി. ഫ്ലെമിൻ സേവ്യർ | 13-3-2018 മുതൽ 31-3-2018വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. പി.ജി.രാജേഷ് | 1-4-2017മുതൽ 31-3-2018വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.സതീശൻ.ഒ | 1-4-2017മുതൽ 30-10-2017വരെ |
| | വാലന്റീന .കെ.ആർ | 31.10.17 മുതൽ 16.11.17വരെ |
| | ശ്രീജിത്ത് ബാബു | 17.11.17 മുതൽ-18-1-18വരെ |
| | സിന്ധു. പി | 19-1-18 – മുതൽ 30-1-18വരെ |
| | പ്രദീപ് .പി | 31-1-18 മുതൽ 31-3-18വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | ഡോ.പ്രിയ | 1-4-2017 മുതൽ 1-8-2017വരെ |
| | | |

| | | |
|---|---|---|
| | ഡോ.പ്രവീൺ | 2-08-2017 മുതൽ 31-3-2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വസന്തകുമാരി | 1-4-2017തൽ 27-9-2017വരെ |
| | ശ്രീമതി.ശോഭ | 28-09-2017 മുതൽ 31-3-2018വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.കെ.അൻസാർ അഹമ്മദ് | 1-4-2017 മുതൽ 31-3-2018 വരെ |
| ഐ.ഇ.ഒ | ശ്രീ.അജയകുമാർ | 1-4-2017 മുതൽ 31-3-2018വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.എ.എം.അബ്ദുൾ ഷറീഫ് | 1-4-2017മുതൽ 9-7-2017വരെ |
| | ഡോ.ഉഷ | 10-7-2017 മുതൽ 13-1-2018വരെ |
| | Vacant | 14-1-2018മുതൽ 22-3-18 വരെ |
| | ഡോ.നീത | 22-3-18 മുതൽ 31-3-18 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പരമേശ്വരൻ നമ്പൂതിരി | 1-4-2017 മുതൽ 31-3-2018 വരെ |
| പ്രോജക്റ്റ് ഓഫീസർ/ ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.മണികണ്ഠൻ | 1-4-2017 മുതൽ 31-3-2018 വരെ |
| പ്രിൻസിപ്പാൾ, ഗവ.എച്ച്.എസ്.എസ്, | ശ്രീമതി.ഗീത | 1-4-2017 മുതൽ |

| | | |
|---|---|---|
| ഈസ്റ്റ് ഒറ്റപ്പാലം | | 31-3-2018 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

29.3.2017 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം 884061898/- രൂപ വരവും 791580751/- രൂപ ചെലവും 92481147/- രൂപ നീക്കിയിരുപ്പുമുള്ള ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

-

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 31-07-2018 | - | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 3-9-2018 | കെ.എസ്.എ.പി.കെ.ഡി.21/1954/18/12.09.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 56423266.61 |
| വരവ് | 330262909 |
| ആകെ | 386686175.61 |
| ചെലവ് | 315709765 |
| നീക്കിയിരിപ്പ് | 70976410.61 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 53284000 | 53284000 | 42765583 | 10518417 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 17028000 | 17028000 | 9160523 | 7867477 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 17130307 | 17130307 | 14662131 | 2468176 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 18582452 | 18582452 | 12353385 | 6229067 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 62976939 | 62976939 | 57901557 | 5075382 |
| തൊഴിലില്ലായ്മ വേതനം | 0 | 48960 | 48960 | 48960 | 0 |
| ദുരിതാശ്വാസനിധി | 15376 | 461 | 15837 | 0 | 15837 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 152859 | 4742238 | 4895097 | 4569055 | 326042 |
| സ്വച്ച് ഭാരത് | 1082010 | 500000 | 1582010 | 182565 | 1399445 |
| NULM | 5770100 | 641906 | 6412006 | 6060671 | 351335 |
| IHSDP(PNB) | 18945763 | 938099 | 19883862 | 0 | 19883862 |
| IHSDP(BOI)) | 387684 | 9705 | 397389 | 0 | 397389 |
| PMAY | 13080000 | 63487708 | 76567708 | 64856177 | 11711531 |
| ബി ഫണ്ട് | 0 | 48960 | 48960 | 48960 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 0 | 11521155 | 11521155 | 0 | 11521155 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2472448 | 18816000 | 21288448 | 17627214 | 3661234 |
| തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് | 4315449 | 26386998 | 30702447 | 27032182 | 3670265 |
| മറ്റിനം | 2667458 | 17262036 | 19929494 | 2892700 | 17036794 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|
| 299 | 421303464 | 235 | 137357154 | 64 | 78.60 |

# 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 152859 | 4742238 | 4895097 | 4569055 | 326042 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48960 | ലഭ്യമായില്ല |
| കർഷകതൊഴിലാളി പെൻഷൻ | 5621700 | 517 |
| വിധവാപെൻഷൻ | 27494800 | 2546 |
| വാർദ്ധക്യകാലപെൻഷൻ | 35472200 | 3454 |
| വികലാംഗപെൻഷൻ | 5964300 | 584 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 2359000 | 222 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-12-2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49155 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

നഗരസഭയിലെ 36 വാർഡുകളിൽ 9 വാർഡുകളിൽ മാത്രമാണ് വസ്തുനികുതി പരിഷ്കരണത്തിനുള്ള വിവരശേഖരണം നടത്തിയിട്ടുള്ളത്. അതിനാൽ വസ്തുനികുതി പരിഷ്കരണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നഗരപരിധിയിലെ നിരവധി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഡിമാന്റ് ചെയ്യുന്നതിലും ഈടാക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. വരുമാനപത്രികകളിലെ തുകയെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കാതെ കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതായും ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. നികുതികൾ ഡിമാന്റ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും സെക്ഷൻ ക്ലർക്കുമാരും മേൽനോട്ടച്ചുമതലയുള്ള റവന്യൂ ഉദ്യോഗസ്ഥരും ശ്രദ്ധിച്ചിട്ടില്ല.

നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിലെയും മാർക്കറ്റ് കോംപ്ലക്സിലേയും കടമുറികൾ യുക്തമായ നടപടികളിലൂടെ വാടകയ്ക്ക് നൽകാത്തതിനാൽ നഗരസഭക്ക് ഭാമമായ വരുമാനനഷ്ടമാണ് ഉണ്ടാകുന്നത്. നിലവിലും ഇവ പരിഹരിക്കപ്പെടാതെ അവശേ,ിക്കുന്നു

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന 30 മൊബൈൽ ടവറുകളിൽ 23 എണ്ണവും അനുമതി ഇല്ലാതെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്നത് ആഭ്യന്തരനിയന്ത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2014-15 ൽ കെട്ടിനിർമ്മാണാനുമതി നൽകിയ 103 കെട്ടിടങ്ങൾ നാളിതുവരെ പൂർത്തീകരിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. ഇവ യഥാർത്ഥത്തിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്.

12.83 കോടി രൂപ വായ്പ എടുത്ത് നിർമ്മാണം ആരംഭിച്ച ബസ്സ്റ്റാന്റ് & ഷോപ്പിംഗ് കോപ്ലക്സ് 5 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്തതിനാൽ പലിശയിനത്തിൽ മാത്രം പ്രതിവർഷം 1.54കോടി രൂപയുടെ അധികബാധ്യതയുണ്ടാകുന്നുണ്ട്.

ഓഡിറ്റിനായി വരവ് ചെലവ് രേഖകൾ ഹാജരാക്കുന്നതിലും നഗരസഭയ്ക്ക് വീഴ്ച ഉണ്ടായിട്ടുണ്ട്. രേഖാമൂലം ആവശ്യപ്പെട്ടിട്ടും 2.82 കോടി രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകളെല്ലാം നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ പോരായ്മകളെ വിളിച്ചറിയിക്കുന്നവയാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.8.18 – 13.9.18 | 2014-15 മുതൽ 2017-18 | 13.11.18 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയായിട്ടില്ല

14.01.2011ലെ സ.ഉ (അ) നം.18/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്ക്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ (എം.എസ്) നം.371/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക് ) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ വസ്തു നികുതി പരിഷ്ക്കരണം ഇനിയും പൂർത്തിയായിട്ടില്ല. നിലവില്ലുള്ള 36 വാർഡുകളിൽ 9 വാർഡുകളിലെ വിവര ശേഖരണം മാത്രമാണ് നടത്തിയിട്ടുള്ളത്. മറ്റ് വാർഡുകളിലെ വസ്തുനികുതി നിർണ്ണയം പുരോഗമിക്കുന്നുണ്ടെങ്കിലും മന്ദഗതിയിലാണ്. വസ്തുനികുതി പരിഷ്ക്കരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി സഞ്ചയയിൽ ലഭ്യമാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 18/ തീ.20.12.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 2-2 തൊഴിൽ നികുതി പിരിവ് - അപാകതകൾ

<u>(എ) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 245 പ്രകാരം ഒരു ജീവനക്കാരൻ 60 ദിവസത്തിൽ കുറയാതെയുള്ള കാലയളവിൽ നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നപക്ഷം അവർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 4 | എ എം ഫ്ലോറിങ് & സാനിട്ടറി | 1&2 |
| 2 | 7 | ടി ടി എ ടൈൽ വേൾഡ് | 1&2 |
| 3 | 7 | ഫാമിലി സൂപ്പർ മാർക്കറ്റ് | 1&2 |
| 4 | 8 | അൽ ഫാദ്ൾ സൂപ്പർ മാർക്കറ്റ് | 1&2 |

| | | | |
|---|---|---|---|
| 5 | 8 | പ്രഭാത് ഏജൻസീസ്,പെട്രോൾ പമ്പ് | 1&2 |
| 6 | 8 | റാസ്പ്ബെറി എന്റർപ്രൈസസ് | 1&2 |
| 7 | 8 | കല്ല്യാൺ ജ്വല്ലേഴ്സ്,മിനി സ്റ്റോർ | 1&2 |
| 8 | 8 | ഇ പി പെട്രോളിയം ഏജൻസീസ് | 1&2 |
| 9 | 10 | വസന്ത പെട്രോളിയം | 1&2 |
| 10 | 10 | ഗ്രാന്റ് മോട്ടോഴ്സ് | 1&2 |
| 11 | 23 | നന്ദനം സാനിട്ടറീസ് | 1&2 |
| 12 | 23 | ത്രിവേണി സൂപ്പർ മാർക്കറ്റ് | 1&2 |
| 13 | 23 | കൊട്ടാരം ബിയർ&വൈൻ പാർലർ | 1&2 |
| 14 | 23 | ഇൻഡസ് മോട്ടോഴ്സ് | 1&2 |
| 15 | 8 | ഹാരിഷ് മെറ്റൽസ്,ഒറ്റപ്പാലം | 1&2 |
| 16 | 1 | ശ്രീകൃഷ്ണ മാച്ച് വർക്ക്സ് | 1&2 |
| 17 | 5 | ഗവ ഹോമിയോ ഡിസ്പെൻസറി,മീറ്റ്നാ | 1 |
| 18 | 5 | കേന്ദ്രീയ വിദ്യാലയം | 2 |
| 19 | 5 | സബ് പോസ്റ്റ് ഓഫീസ്,മീറ്റ്നാ | 2 |
| 20 | 5 | സാനിക് പബ്ലിക്ക് സ്കൂൾ | 1 |
| 21 | 8 | ബി എസ് എൻ എൽ | 1 |
| 22 | 8 | എസ് ബി ഐ ടൗൺ ബ്രാഞ്ച് | 2 |
| 23 | 8 | അസി എജ്യുക്കേഷണൽ ഓഫീസ് | 1 |
| 24 | 8 | ഹെഡ് പോസ്റ്റ് ഓഫീസ് | 1 |
| 25 | 8 | കെ സി മന്നാടിയാർ&സൺസ് | 1&2 |
| 26 | 8 | കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ | 1&2 |
| 27 | 8 | കരുണ വർക്കിങ് വുമൺ ഹോസ്റ്റൽ | 1 |
| 28 | 8 | സിലബൽ കോളേജ് | 2 |
| 29 | 8 | ഇന്റൽ മണി പ്രൈവറ്റ് ലിമിറ്റഡ് | 1&2 |
| 30 | 8 | ഇംപീരിയൽ തിയേറ്റർ | 1&2 |
| 31 | 9 | ലക്ഷ്മി പിക്ചർ പാലസ് | 1&2 |
| 32 | 9 | അരമന ഹോട്ടൽ | 1&2 |
| 33 | 9 | ജാസ് പിക്ചർ പാലസ് | 2 |
| 34 | 10 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 2 |
| 35 | 10 | ഗ്രാന്റ് മോട്ടേഴ്സ്,കണിയാപുരം | 1&2 |
| 36 | 11 | ബി ആർ ഡി കാർ വേൾഡ് | 1&2 |
| 37 | 12 | സെവൻത്ത് ഡേ സ്കൂൾ | 2 |
| 38 | 23 | മാവേലി മെഡിക്കൽസ് | 1&2 |
| 39 | 23 | കെ എസ് സി സി എഫ്(ത്രിവേണി) | 1&2 |
| 40 | - | എസ് ഡി എ ഹോസ്പിറ്റൽ | 1&2 |
| 41 | - | ശ്രീകൃഷ്ണ ഹോസ്പിറ്റൽ | 1&2 |

ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 7/തീ.18.12.2018 ന് മറുപടി ലഭ്യമാക്കിയില്ല.

തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ക്രമ നം 1 മുതൽ 16 വരെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടും നികുതി ഒടുക്കാത്ത 17 മുതൽ 41 വരെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

**(ബി) അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവന ക്കാരൻ | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | അടവാക്കിയ തുക | അടവാ ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | റീ സർവ്വേ | എം.മുരുഗൻ | 1 | 102852 | 750/- | 1000/- | 250/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | സൂപ്രണ്ട് കാര്യാലയം | | | | | | |
| 2 | മാക്സ് വാല്യു ക്രെഡിറ്റ്സ് & ഇൻവെസ്റ്റ് മെന്റ്സ് | വിനൂപ്.പി<br>പ്രദീപ്.എം | 1<br>1 | 90000/-<br>90000/- | 450/-<br>450/- | 750/-<br>750/- | 300/-<br>300/- |
| 3 | ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ | രവി(ക്രമ നം 41) | 2 | 66894/- | 450/- | 600/- | 150/- |
| 4 | കവിത ഗോൾഡ്& ഡയമണ്ട്സ് | സജിത.എം | 1 | 48239/- | 120/- | 450/- | 330/- |
| 5 | വയോമിത്രം, ഒറ്റപ്പാലം | പ്രീജ രാജ് | 1 | 73000/- | 450/- | 600/- | 150/- |
| 6 | ആക്സിസ് ബാങ്ക് | ദിവ്യ.എ | 2 | 163201/- | 1000/- | 1250/- | 250/- |
| 7 | ചോയ്സ് ഹൈപ്പർ മാർക്കറ്റ് | പ്രദീഷ് | 2 | 63000/- | 450/- | 600/- | 150/- |
| 8 | മുത്തൂറ്റ് ഫിൻക്രോപ്പ്സ് | ഗിരീഷ്.കെ<br>ലത.ടി<br>സുനിൽ കുമാർ<br>ലക്ഷ്മി.വി<br>ജിഷ.പി | 2<br>2<br>2<br>2<br>2 | 63600/-<br>63600/-<br>61229/-<br>63600/-<br>62400/- | 450/-<br>450/-<br>450/-<br>450/-<br>450/- | 600/-<br>600/-<br>600/-<br>600/-<br>600/- | 150/-<br>150/-<br>150/-<br>150/-<br>150/- |
| | | | | | | ആകെ | 2630/- |

ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 19/20.12.2018 ന് മറുപടി ലഭ്യമാക്കിയില്ല

കുറവു വന്ന തുക ഈടാക്കിയിട്ടുണ്ടോ എന്ന് പുനഃപരിശോധിക്കേണ്ടതും ഈടാക്കാത്ത പക്ഷം പ്രസ്തുത വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**(സി) അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, കരാറുകാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല**

തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെ പ്രകാരം നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്ന 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുള്ള എല്ലാ ജീവനക്കാരും തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ നിരവധി കോടതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അഭിഭാഷകരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കൂടാതെ സ്വകാര്യഡോക്ടർമാർ, കരാറുകാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ അവർ വരുമാനപത്രിക സമർപ്പിക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. നഗരസഭയ്ക്ക് നിയമാനുസൃതം ലഭിക്കേണ്ട തനതു വരുമാനത്തിൽ ഗണ്യമായ തുക ഇത്തരത്തിൽ നഷ്ടപ്പെടുന്നു. ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 19/തീ.20.12.2018 ന് മറുപടി ലഭ്യമാക്കിയില്ല

മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അഭിഭാഷകർ,ഡോക്ടർമാർ,കരാറുകാർ,പാരാമെഡിക്കൽ സ്റ്റാഫ്എന്നിവരിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**(ഡി) മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന ഏതൊരു സ്ഥാപനവും അതിന്റെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഒടുക്കേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും

സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 1 | ശ്രീകൃഷ്ണാ മാച്ച് വർക്ക്സ് | 1&2 |
| 2 | 7 | എ.എം.മോട്ടേഴ്സ്,ഈസ്റ്റ് ഒറ്റപ്പാലം | 1&2 |
| 3 | 7 | ആക്സിസ് ബാങ്ക് | 1&2 |
| 4 | - | സഹകരണബാങ്കുകൾ | 1&2 |
| 5 | 8 | കനറ ബാങ്ക് | 1&2 |
| 6 | 8 | എസ് ബി ഐ,ഒറ്റപ്പാലം | 1&2 |
| 7 | 8 | മുത്തൂറ്റ്ഫിനാൻസ് | 1&2 |
| 8 | 8 | എസ് ബി ഐ,ടൗൺ ബ്രാഞ്ച് | 2 |
| 9 | 8 | ചെമ്മണ്ണൂർ ഇന്റർ നാഷണൽ ജ്വല്ലേഴ്സ് | 1&2 |
| 10 | 8 | കവിത ജ്വല്ലറി | 1&2 |
| 11 | 8 | എച്ച് ഡി എഫ് സി,ഒറ്റപ്പാലം | 1&2 |
| 12 | 8 | മുത്തൂറ്റ് ഫിൻക്രോപ്പ്സ് | 1&2 |
| 13 | 8 | കെ എസ് ഇ ബി | 1&2 |
| 14 | 8 | മണപ്പുറം ഫിനാൻസ് | 1&2 |
| 15 | 8 | ഇംപീരിയൽ തിയേറ്റർ | 1&2 |
| 16 | 9 | ലക്ഷ്മി പിക്ചർ പാലസ് | 1&2 |
| 17 | 9 | ബാങ്ക് ഓഫ് ഇന്ത്യ | 1&2 |
| 18 | 9 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് | 1&2 |
| 19 | 9 | യു.എ.ഇ എക്സ്ചേഞ്ച് റ്റപ്പാലം | 1&2 |
| 20 | 9 | സൗത്ത് ഇന്ത്യൻ ബാങ്ക്,ഒറ്റപ്പാലം | 1&2 |
| 21 | 9 | ജാസ് പിക്ചേഴ്സ് | 1&2 |
| 22 | 23 | ICICI ബാങ്ക്,ഒറ്റപ്പാലം | 1&2 |
| 23 | 23 | ബാങ്ക് ഓഫ് ബറോഡ,ഒറ്റപ്പാലം | 1&2 |
| 24 | 23 | ഫെഡറൽ ബാങ്ക്,ഒറ്റപ്പാലം | 1&2 |
| 25 | 23 | സിൻഡിക്കേറ്റ് ബാങ്ക് | 1&2 |
| 26 | 23 | ധനലക്ഷ്മി ബാങ്ക് | 1&2 |
| 27 | 23 | ഇൻഡ്യൻ ബാങ്ക്,ഒറ്റപ്പാലം | 1&2 |
| 28 | 23 | പഞ്ചാബ് നാഷണൽ ബാങ്ക് | 1&2 |
| 29 | 23 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 1&2 |
| 30 | 2 | കാവേരി ഓഡിറ്റോറിയം | 1&2 |
| 31 | 4 | എ എം ഫ്ലോറിങ് & സാനിട്ടറി | 1&2 |
| 32 | 7 | സംഗമം ഓഡിറ്റോറിയം | 1&2 |
| 33 | 7 | ടി ടി എ ടൈൽ വേൾഡ് | 1&2 |
| 34 | 7 | ഫാമിലി സൂപ്പർ മാർക്കറ്റ് | 1&2 |
| 35 | 8 | അൽ ഫാദ്ൾ സൂപ്പർ മാർക്കറ്റ് | 1&2 |
| 36 | 8 | പ്രഭാത് ഏജൻസീസ്,പെട്രോൾ പമ്പ് | 1&2 |
| 37 | 8 | ഷംന ഹാൾ | 1&2 |
| 38 | 8 | കവിത ഗോൾഡ്&ഡയമണ്ട്സ് | 1&2 |
| 39 | 8 | റാസ്പ്ബെറി എന്റർപ്രൈസസ് | 1&2 |
| 40 | 8 | കല്ല്യാൺ ജ്വല്ലേഴ്സ്,മിനി സ്റ്റോർ | 1&2 |
| 41 | 8 | ഇ പി പെട്രോളിയം ഏജൻസീസ് | 1&2 |
| 42 | 8 | കെൽക്കോ ഓഡിറ്റോറിയം | 1&2 |
| 43 | 9 | എ എച്ച് ഗ്യാലറി(ഓഡിറ്റോറിയം) | 1&2 |
| 43 | 9 | ഗോപികാസ് ഓഡിറ്റോറിയം | 1&2 |
| 44 | 10 | എസ് എൻ ഓഡിറ്റോറിയം | 1&2 |
| 45 | 10 | വസന്ത പെട്രോളിയം | 1&2 |
| 46 | 10 | ഗ്രാന്റ് മോട്ടോഴ്സ് | 1&2 |
| 47 | 10 | സൂര്യനാരായണ ഓഡിറ്റോറിയം | 1&2 |
| 48 | 23 | നന്ദനം സാനിട്ടറീസ് | 1&2 |
| 49 | 23 | തൃവേണി സൂപ്പർ മാർക്കറ്റ് | 1&2 |
| 50 | 23 | കൊട്ടാരം ബിയർ&വൈൻ പാർലർ | 1&2 |
| 51 | 23 | ഇൻഡസ് മോട്ടോഴ്സ് | 1&2 |
| 52 | 8 | ബി എസ് എൻ എൽ,ഒറ്റപ്പാലം | 1&2 |
| 53 | 8 | ഹാരിഷ് മെറ്റൽസ്,ഒറ്റപ്പാലം | 1&2 |

ഇറു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 8/ തീ.18.12.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

**ഇ)ബി എസ് എൻ എൽ സ്ഥാപനങ്ങളിൽ നിന്നുള്ള സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.**

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയിട്ടുണ്ട്. ആയതിനാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 2-3 ഒഴിഞ്ഞുകിടക്കുന്ന മുറികൾ ആവശ്യക്കാർക്കായി ലേലം/പുനർ ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിങ് സെന്ററുകളുടെ വാടക സംബന്ധിച്ച വസ്തുതകൾ പരിശോധിക്കുന്നതിനായി വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളുടെ വിവിധ മുറികൾ ലേലം നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണ്ടെത്തി. വിശദവിവരം താഴെ കൊടുക്കുന്നു.

**മിനി ഷോപ്പിംഗ് സെന്റർ**

| ക്രമ നം | മുറി നം |
|---|---|
| 1 | 13 |
| 2 | 14 |

**മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്**

**ബേസ്മെന്റ് ഫ്ലോർ**

| ക്രമ നം | മുറി നം |
|---|---|
| 1 | 1 |
| 2 | 2 |
| 3 | 3 |
| 4 | 4 |
| 5 | 5 |
| 6 | 6 |
| 7 | 7 |
| 8 | 8 |

**ഗ്രൗണ്ട് ഫ്ലോർ**

| ക്രമ നം | മുറി നം |
|---|---|
| 1 | 1 |
| 2 | 2 |
| 3 | 3 |
| 4 | 8 |
| 5 | 9 |

**ഫസ്റ്റ് ഫ്ലോർ**

| ക്രമ നം | മുറി നം |
|---|---|
| | |

| | |
|---|---|
| 1 | 1 |
| 2 | 2 |
| 3 | 3 |
| 4 | 4 |
| 5 | 7 |
| 6 | 8 |

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന്(30/24.12.2018) **മിനി ഷോപ്പിംഗ് സെന്ററിലെ 13, 14 എന്നീ നമ്പറുള്ള മുറികൾ ജീർണ്ണാവസ്ഥയിലായതിനാലും മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞുകിടക്കുന്ന മുറികൾ ലേലവും തുടർലേലവും ഓഫറും നടത്തിയിട്ടും ആരും തന്നെ ഏറ്റെടുക്കാൻ തയ്യാറാകാത്തതുകൊണ്ടാണ് ഇപ്രകാരം അവശേഷിച്ചത് എന്ന** മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടി മുറികൾ ആവശ്യക്കാർക്ക് ലേലം/പുനർ ലേലം ചെയ്ത് കൊടുക്കുന്നതിനുള്ള മറ്റു മാർഗ്ഗങ്ങൾ ആലോചിക്കേണ്ടതും ഒഴിഞ്ഞുകിടക്കുന്ന അവസ്ഥ ഒഴിവാക്കി തനതു വരവ് വർദ്ധിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-4 ഡി&ഒ ലൈസൻസ് ഫീ അടവാക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീ ഈടാക്കാതെ ലൈസൻസ് നൽകിയതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | അപേക്ഷകൻ/സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 7 | 25(3) | ഇന്ദ്രപുരി മൊബൈൽ അക്സസറീസ് | 200/- |
| 2 | 8 | 812 | ജയചന്ദ്രൻ,കണ്ണിയാമ്പുറം | 100/- |
| 3 | 8 | 1058(26) | രേഖ.ടി.ആർ,സ്റ്റുഡിയോ | 1000/- |
| 4 | 8 | 1248 | മൊയ്തീൻകുട്ടി,വരോട് | 1000/- |
| 5 | 7 | 429(2) | പാർവണ സ്റ്റുഡിയോ | 600/- |
| 6 | 8 | 467 | സ്റ്റീൽ ഇംപെക്സ് | 400/- |
| 7 | 8 | 527 | സെൽ പോയിന്റ് മൊബൈൽ ക്ലിനിക്ക് | 1000/- |
| 8 | 8 | 641 | ബഷീർ ഫോട്ടോസ് | 75/- |
| 9 | 8 | 689(2) | ബിജു.പി,പുറയത്ത്,മങ്കര | 250/- |
| 10 | 8 | 777 | ഗറ്റേർജി സിനിമ ക്ലബ്ബ് | 1000/- |
| 11 | 8 | 1233 | ഖലീൽ റഹ്മാൻ,എസ് ആർ കെ നഗർ | 150/- |
| 12 | 9 | 244 | മുഹമ്മദ് റഫീഖ്,പാറപ്പുറത്ത്,മുളയങ്കാവ് | 2000/- |
| 13 | 16 | 163(1) | ജോസ് ഹോട്ടൽ | 750/- |
| 14 | 19 | 169(1,2) | ലക്കി ഡെക്കറേഷൻ | 1000/- |
| | | | **ആകെ** | **9525** |

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് ( 6/തീ. 18.12.2018) മേൽ സ്ഥാപനങ്ങളിൽ നിന്നും 7 ദിവസത്തിനകം പിഴ സഹിതം തുക ഈടാക്കിനഗരസഭയിൽ ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-5 ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നതു മൂലം വൻതോതിൽ നികുതി നഷ്ടപ്പെടുന്നു.

ഒറ്റപ്പാലം നഗരസഭ പരിധിയിൽ 30 ഓളം ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് കെ എസ് ഇ ബി അറിയിച്ചിട്ടുണ്ട്.ഇതിൽ 28 ടവറുകളുടെ വിശദാംശങ്ങൾ മുനിസിപ്പാലിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 7 ടവറുകളുടെ നിർമ്മാണത്തിനു മാത്രമേ അനുവാദം വാങ്ങുകയും വസ്തു നികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള ടവറുകളെല്ലാം അനധികൃതമായി പ്രവർത്തിക്കുന്നവയാണ്. ഇവ ക്രമവത്ക്കരിക്കാത്തതു മൂലം മുനിസിപ്പാലിറ്റിക്ക് നികുതിയിനത്തിൽ വൻ നഷ്ടമാണ് ഉണ്ടാകുന്നത്. നികുതി നിർണ്ണയം നടത്തിയ 7 ടവറുകളിൽ 5 എണ്ണവും ഭീമമായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ട്.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം | വാർഷിക വസ്തു നികുതി | കുടിശ്ശിക വർഷം | ടവർ | കുടിശ്ശിക (പിഴ പലിശ കൂടാതെ) |
|---|---|---|---|---|---|
| 1 | 5/281(1) | 31500/- | 2008-09 മുതൽ | ഭാരതി എയർടെൽ | 283500/- |
| 2 | 8/411(1) | 104174/- | 2009-10 മുതൽ | ഇൻഡസ് ടവർ ലിമിറ്റഡ് | 833392/- |
| 3 | 8/1236 | 31500/- | 2011-12 മുതൽ | ഐഡിയ മൊബൈൽ | 189000/- |
| 4 | 14/83(2) | 104174/- | 2009-10 മുതൽ | എയർടെൽ | 833392/- |
| 5 | 21/157(2) | 100007/- | 2009-10 മുതൽ | എയർസെൽ | 800056/- |
| | | | | **ആകെ** | **29,39,340** |

ബാക്കി 21 ടവറുകളുടെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ചും, അംഗീകാരം എടുക്കാതെ പ്രവൃത്തിക്കുന്ന ടവറുകളെ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/18.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകളെ ക്രമവത്ക്കരിക്കേണ്ടതും അവയുടെ വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള തുകകൾ ഈടാക്കേണ്ടതുമാണ്. അല്ലാത്തവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 2-6 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

1) 1994ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 507 പ്രകാരം ഒരു മുൻസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഒറ്റപ്പാലം മുനിസിപ്പാലിറ്റി പ്രദേശത്ത് താഴെപ്പറയുന്നവ ഉൾപ്പെടെ നിരവധി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ/പുതുക്കാതെ പ്രവർത്തിച്ചു വരുന്നുണ്ട്.

1.സെസ്റ്റ് ടെക്നോളജീസ്

2.വിവേകാനന്ദ കോളേജ്

3.സെക്വർ ക്ലാസ്സസ്സ്

4.ബിയോണ്ട് ബ്രെയിൻ

5.ന്യൂക്ലിയസ്സ് ഗൈഡ് ലൈൻസ്

6.NIIT കംപ്യൂട്ടർ സെന്റർ

7.ചാലഞ്ച് കോച്ചിങ് സെന്റർ

8.ബ്രില്ല്യൻസ് കോച്ചിങ് സെന്റർ

9.ഇൻസ്പെയർ കോച്ചിങ് സെന്റർ

10.സില്ലാബൽ കോളേജ്

11.ഫോക്കസ് പി എസ് സി കോച്ചിങ് സെന്റർ

12.ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 5/തീ.18.12.2018 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളെയും ലൈസൻസ് എടുക്കാത്ത മറ്റ സ്ഥാപനങ്ങളെയും ഉൾപ്പെടെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . ടി സ്ഥാപനങ്ങളുൾപ്പെടെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ട്യൂട്ടോറിയൽ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും അതിലൂടെ നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-7 ബിൽഡിംഗ് പെർമിറ്റ്

**പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം ഇല്ല**

1) ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിന്റെ പരിശോധനയിൽ 2014-15 വർഷത്തിൽ നഗരസഭയിൽ നിന്നും താഴെ പറയുന്ന ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ടെങ്കിലും കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയോ പെർമിറ്റ് പുതുക്കി വാങ്ങുകയോ ചെയ്തിട്ടില്ല എന്നു കണ്ടെത്തി.

| | |
|---|---|
| ഗാർഹികം | 96 |
| ഗാർഹികേതരം | 4 |
| ഗാർഹികവും ഗാർഹികേതരവും ഉൾപ്പെടെ | 3 |
| മൊബൈൽ ടവർ | 2 |

2014-15 ൽ നിർമ്മാണാനുമതി നൽകിയ ഇവയുടെ കാലാവധി 2017-18 അവസാനിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ നിർമ്മാണപുരോഗതി വിലയിരുത്തുന്നതിനായി സ്ഥലപരിശോധന നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം 15/20.12.18)മറുപടിയായി അപേക്ഷകരുടെ പെരുപ്പവും ജീവനക്കാരുടെ കുറവും മൂലമാണ് ഈ വിഷയത്തിൽ അന്വേഷണം നടത്താൻ കഴിയാത്തത് എന്നറിയിച്ചിട്ടുണ്ട്. നിലവിൽ നഗരസഭ വസ്തുനികുതി പരിഷ്കരണ നടപടികളുടെ ഭാഗമായി പന്ത്രണ്ടോളം സ്ക്വാഡുകൾ രൂപീകരിച്ച് നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളും അളന്ന് പരിശോധിച്ച് കെട്ടിടങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിച്ചു വരുന്നുണ്ടെന്നും കാലതാമസം കൂടാതെ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കാണിച്ച കെട്ടിടങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 2017-18 വർഷത്തെ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിന്റെ പരിശോധനയിൽ താഴെ പറയുന്ന കെട്ടിടനിർമ്മാണ അപേക്ഷകളിൻമേൽ തീരുമാനമെടുക്കുകയോ നിശ്ചിതഫീസ് ഈടാക്കി പെർമിറ്റ് നൽകുകയോ പെർമിറ്റ് നിരസിക്കുകയോ ചെയ്തിട്ടില്ല എന്നു കാണുന്നു.

| അപേക്ഷ സ്വീകരിച്ച തീയതി | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തരം | ആകെ തറവിസ്തീർണ്ണം (എം2 ) |
|---|---|---|---|
| 31.08.17 | ശശീന്ദ്രൻ.പി | ഷോപ്പ് + വാസഗൃഹം | 134.72 |
| 3.10.17 | അബ്ബാസ്, പൂക്കോട്ടുകുന്നത്ത് | വാസഗൃഹം | 473.06 |
| 9.11.17 | അബ്ദുൾ അസീസ്,പനമണ്ണ | വ്യവസായികം | 1635.36 |
| 29.11.17 | നൗഷാദ്, | ക്വാർട്ടേഴ്സ് | 1001.20 |

| | | | |
|---|---|---|---|
| | ഹംസാഹാജി,തോട്ടക്കര | | |

3) 2017-18 വർഷത്തെ കെട്ടിടനിർമ്മാണക്രമവത്കരണ രജിസ്റ്റർ പരിശോധിച്ചതിൽ 2 അപേക്ഷകളിൽ നാളിതുവരെ തീർപ്പു കല്പിച്ചിട്ടില്ല എന്നു കാണുന്നു.

| അപേക്ഷ സ്വീകരിച്ച തീയതി | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തരം | ആകെ തറവിസ്തീർണ്ണം (എം2 ) |
|---|---|---|---|
| 28.9.17 | സതീഷ് കുമാർ, പ്ലോട്ട് നം 22,ബോംബെ കോളനി | വാസഗൃഹം | 115.18 |
| 24.11.17 | ധനിക് ലാൽ, കണ്ണിയംപുരം | വ്യാവസായികം | 529.58 |

ക്രമ നം 2,3 അപാകതകളിൽ മേൽ കെട്ടിടങ്ങൾ നില നിൽക്കുന്ന സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതിനാലാണ് തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്തത് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം 15/20.12.18)മറുപടിയായി അറിയിച്ചു. ഈ വിവരം അപേക്ഷകരെ രേഖാമൂലം അറിയിച്ചിട്ടും നാളിതുവരെ പ്രതികരണമുണ്ടായിട്ടില്ലെന്നും 15 ദിവസത്തിനകം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തരിശു ഭൂമി കൃഷി (വനിത)- നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നു

ഓഡിറ്റ് ലക്ഷ്യം

***കേരളത്തെ വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് എത്തിക്കുന്നതിനോടൊപ്പം സാമൂഹ്യ നീതിയുടെയും പരിസ്ഥിതി സുരക്ഷയുടെയും ഒരു ഉത്തമ മാതൃകയാക്കുന്നതിനുമാണ്*** പതിമൂന്നാം പഞ്ചവത്സരപദ്ധതി വിഭാവനം ചെയ്യുന്നത് . ആദ്യവർഷങ്ങളിലെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ തന്നെ മണ്ണ് - ജല സംരക്ഷണം നീർത്തട പരിപാലനം, ഭക്ഷ്യ വിളകളുടെ വിള വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യങ്ങളോടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ പ്രത്യേക ഊന്നൽ നൽകേണ്ടതാണെന്ന് പരാമർശിക്കുന്നുണ്ട്. കൂടാതെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലും നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും തരിശുഭൂമി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശികനിരീക്ഷണ സമിതിയുടെ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതകളും വ്യക്തമാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ നഗരസഭ **തരിശ്ഭൂമിക്കൃഷി (വനിത )** എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത് തികച്ചും അഭിനന്ദനാർഹമാണ്.

നഗരസഭാപരിധിയിലെ കൃഷിയിടങ്ങളിൽ നിന്നുള്ള നെല്ലുല്പാദനം വർദ്ധിപ്പിക്കുക, തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക, സർവ്വോപരി കൃഷിയോഗ്യമായ ഭൂമി തരിശായിക്കിടക്കുന്നത് ഒഴിവാക്കി പരിസ്ഥിതിസുരക്ഷ ഉറപ്പു വരുത്തുക എന്നിവയാണ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇവയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി രേഖകളുടെ പരിശോധനയിൽ 2008 ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമങ്ങളിലും ചട്ടങ്ങളിലും നിർദ്ദേശിച്ചു പ്രകാരമല്ല തരിശുഭൂമിക്കൃഷി നടപ്പിലാക്കിയിരിക്കുന്നതെന്നും പദ്ധതിയിലൂടെ താല്കാലികമായി നെൽകൃഷി ചെയ്ത ഭൂവിസ്തൃതി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും വിവിധകാരണങ്ങളാൽ പദ്ധതി നിശ്ചിതകാലയളവിൽ ഫലപ്രദമായി തുടർന്നു കൊണ്ടു പോകുന്നതിന് കർഷകർക്ക് കഴിഞ്ഞിട്ടില്ലെന്നും കണ്ടെത്തി .

പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ

പ്രോജക്ട് നം. - 28/18

അടങ്കൽ - 200667 (200000 - വികസനഫണ്ട്, 667- ഗുണഭോക്തൃവിഹിതം)

ചെലവ് - 129820 (ബിൽ നം. 9/17-18; 28.03.18)

കർഷകർക്ക് പണിക്കൂലിയും ഉല്പാദനോപാധികളും നൽകി അതു വഴി 6.6667ഹെക്ടർ തരിശുനിലം കൃഷി ഭൂമിയാക്കി നെല്ല് അധികമായി ഉല്പാദിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഒരു ഹെക്ടറിന് 60000 രൂപ ചെലവ് വരും. അതിൽ 30000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. പാട്ടകൃഷി ആണെങ്കിൽ ഈ തുകയിൽ സ്ഥല ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന വ്യക്തിക്ക് 25000 രൂപയും നൽകുന്നതിനാണ് ലക്ഷ്യം വെച്ചിട്ടുള്ളത്. തുക കൃഷിക്കാരുടെ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. വിള ഇൻഷുറൻസ് തുക ഹെക്ടറിന് 100 രൂപ പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് അടയ്ക്കേണ്ടതാണ്.

**കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ,2008 പ്രകാരം തരിശു നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ**

2008 ലെകേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ, ചട്ടങ്ങൾ, 30.12.2017 ലെ ഭേദഗതി ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാചെയർമാൻ അദ്ധ്യക്ഷനായും കൃഷിഓഫീസർ കൺവീനറായും വില്ലേജ് ഓഫീസർ നെൽകർഷകർ ഉടങ്ങിയവർ അംഗങ്ങളായും രൂപീകരിച്ചിട്ടുള്ള ഒരു **പ്രാദേശിക നിരീക്ഷണ സമിതി** യുടെ നിരീക്ഷണത്തിലും മേൽനോട്ടത്തിലുമാണ് ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത്. തരിശു നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള പ്രധാന വ്യവസ്ഥകൾ ആക്ടിലെ 15 മുതൽ 17 വരെയുള്ള വകുപ്പുകളിൽ വ്യക്തമാക്കിയിട്ടുള്ളത് താഴെ പറയും പ്രകാരമാണ്.

- കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന നെൽവയലിന്റെ അനുഭവക്കാരനോട് നെല്ലോ ഇടക്കാലവിളകളോ കൃഷി ചെയ്യുന്നതിന് പ്രാദേശിക നിരീക്ഷണ സമിതിക്ക് ആവശ്യപ്പെടാവുന്നതാണ്.
- പ്രായോഗികബുദ്ധിമുട്ടുകൾ മൂലം കൃഷി ചെയ്യുന്നതിന് അനുഭവക്കാരന് കഴിയാത്ത വിവരം സമിതിക്ക് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത നെൽവയൽ തദ്ദേശസ്വയംഭരണസ്ഥാപനം മുഖേന കൃഷി ചെയ്യാനുള്ള അനുമതി രേഖാമൂലം ആവശ്യപ്പെടാവുന്നതും ഈ ആവശ്യത്തിന് 15 ദിവസത്തിനകം അനുഭവക്കാരൻ മറുപടി നൽകേണ്ടതുമാണ്.
- കൃഷി ചെയ്യിക്കുന്നതിന് അനുമതി നൽകുന്ന പക്ഷം സമിതിക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണസ്ഥാപനവും നെൽവയലിന്റെ അനുഭവക്കാരനും തമ്മിൽ ഒരു കരാർ ഒപ്പിട്ടുവിച്ചതിനു ശേഷം ഒരു പ്രാവശ്യം രണ്ടു വർഷത്തിൽ കവിയാതെയുള്ള കാലയളവിലേക്ക് നെൽകൃഷി ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനത്തെ ഏൽപ്പിക്കാവുന്നതാണ്. അനുഭവക്കാരൻ അനുമതി നിഷേധിക്കുന്ന പക്ഷം വകുപ്പ് 16(3) എഫ് പ്രകാരം ഈ വിഷയം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് റഫർ ചെയ്യേണ്ടതുമാണ്.
- തദ്ദേശസ്വയംഭരണസ്ഥാപനത്തിന് **ലേലം വഴിയോ മറ്റു വിധത്തിലോ** നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഉത്തരവ് വഴി ഒരു പ്രാവശ്യം പരമാവധി രണ്ടു വർഷക്കാലയളവിലേക്ക് ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.
- കൃഷിയിൽ നിന്നും ലഭിക്കുന്ന തുകയിൽ നികുതി കുടിശ്ശിക, കൃഷിച്ചെലവ് എന്നിവ തട്ടിക്കിഴിച്ച ശേഷം ബാക്കി തുകയുടെ 75% കൃഷി ചെയ്യുന്ന ഏജൻസിക്കും ശേഷിക്കുന്ന 25 % നെൽവയലിന്റെ അനുഭവക്കാരനും നൽകേണ്ടതാണ്.

**പ്രോജക്ടിന്റെ ചെലവു വിവരം**

ബിൽ നം 9/17-18; 28.03.18 പ്രകാരം 129820 രൂപ പദ്ധതിക്ക് ചെലവുണ്ട്. പദ്ധതി പ്രകാരം ആകെ കൃഷി ചെയ്ത ഭൂമിയുടെ അളവ് 4.327ഹെക്ടർ ആണ്. ആകെ 9 പേർക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. ഇതിൽ 5 പേർ ഭൂവുടമകളും 3 പേർ കർഷകരും ഒരാൾ കർഷകനായ ഭൂവുടമയുമാണ്. പ്രാദേശിക നിരീക്ഷണസമിതിയുടെ നിർദ്ദേശപ്രകാരമുള്ള തരിശുഭൂമിയിലാണോ കൃഷിചെയ്തത് എന്നതിനോ കർഷകരെ തെരഞ്ഞെടുത്തിട്ടുള്ള രീതിയോ വ്യക്തമല്ല. പാട്ടകൃഷി ആണെങ്കിൽ 30000 രൂപ സബ്സിഡി തുകയിൽ സ്ഥല ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന വ്യക്തിക്ക് 25000 രൂപയും നൽകുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യം വെച്ചിട്ടുള്ളത്. നെൽവയൽ-തണ്ണീർത്തടസംരക്ഷണനിയമം വകുപ്പ് 16(3ജി) പ്രകാരം കൃഷിയിൽ നിന്നും ലഭിക്കുന്ന തുകയിൽ നികുതി കുടിശ്ശിക കൃഷിച്ചെലവ് എന്നിവ തട്ടിക്കിഴിച്ച ശേഷം ബാക്കി തുകയുടെ 75% കൃഷി ചെയ്യുന്ന ഏജൻസിക്കും ശേഷിക്കുന്ന 25 % നെൽവയലിന്റെ അനുഭവക്കാരനും നൽകേണ്ടതാണ് എന്നാണ് വ്യവസ്ഥ ചെയ്യുന്നത്. പ്രോജക്ട് പ്രകാരം നെൽവയലിന്റെ അനുഭവക്കാരന് തുക നൽകിയിരിക്കുന്നത് കൃഷിയിൽ നിന്നുള്ള ലാഭവിഹിതത്തിൽ നിന്നല്ല, മറിച്ച് പദ്ധതി വിഹിതത്തിൽ നിന്നാണ് . ആയത് ക്രമപ്രകാരമല്ല. കൂടാതെ 16(4),16(5) വകുപ്പുകൾ പ്രകാരം കൃഷി ചെയ്യുന്നതിനുള്ള അവകാശം ലേലം വഴി നൽകേണ്ടതാണ്, അല്ലാത്ത പക്ഷം പാടശേഖരസമിതി/സംയുക്ത കർഷകസംഘങ്ങൾക്കോ സ്വയം സഹായ കർഷകസംഘങ്ങൾക്കോ കുടുംബശ്രീയൂണിറ്റുകൾക്കോ നൽകേണ്ടതാണെന്നും പറയുന്നു. എന്നാൽ പ്രോജക്ട് പ്രകാരം വ്യക്തികൾക്കാണ് അവകാശം ഉറപ്പിച്ച് നൽകിയിരിക്കുന്നത്. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കൃഷി ചെയ്ത വിസ്തീർണ്ണം | അനുഭവക്കാരന്റെ പേര് | നൽകിയ തുക | കൃഷിചെയ്ത വ്യക്തി | നൽകിയ തുക | ആകെ നൽകിയ തുക | നൽകേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1.49 ഹെക്ടർ | പി.പാറുക്കുട്ടി, സീതാലക്ഷ്മിയമ്മ, സരോജിനിയമ്മ എന്നീ അനുഭവക്കാരുടെ വക സ്ഥലങ്ങൾ | 3990 രൂപ വീതം 3 പേർക്ക് 11970 | ലത.സി | 37250 | 49220 | 44700 | 4520 (കൂടുതൽ) |
| 1.3122 ഹെക്ടർ | കൃഷ്ണൻകുട്ടി | 0 | ശ്രുതി | 32500 | 32500 | 39366 | 6866 (കുറവ്) |
| 0.4261 ഹെക്ടർ | ടി.ലളിത | 0 | ടി.ലളിത | 10120 | 10120 | 12783 | 2663 (കുറവ്) |
| 1.0987 | ടി.കെ.പത്മനാഭൻ, സരസ്വതി എന്നീ | 3990 രൂപ | ഗൗരി.സി | 30000 | 37980 | 32961 | 5019 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഹെക്ടർ | അനുഭവക്കാരുടെ വക സ്ഥലങ്ങൾ | വീതം 2 പേർക്ക് 7980 | | | | | (കൂടുതൽ) |
| **ആകെ 4.327** | | | | | **129820** | **129810** | **10 (കൂടുതൽ)** |

മേൽപട്ടികയിൽ സൂചിപ്പിച്ച പ്രകാരം ചില വ്യക്തികൾക്ക് തുക അധികമായി നൽകിയപ്പോൾ ചിലർക്ക് തുക നൽകിയട്ടുള്ളതായി കാണുന്നില്ല. പദ്ധതി ഫണ്ടിന് നഷ്ടമുണ്ടായിട്ടില്ലെങ്കിലും അർഹതപ്പെട്ട വ്യക്തികൾക്ക് തുക ലഭിക്കാതിരുന്നതും ക്രമപ്രകാരമല്ല. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമങ്ങളിലെ 16(3) വകുപ്പ് പ്രകാരം തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി കർഷകരും ഭൂവുടമകളും ഫോറം -3 ലുള്ള ഒരു എഗ്രിമെന്റ് ചമക്കേണ്ടതാണ്. കൃഷിയോഗ്യമല്ലാത്ത രീതിയിൽ നെൽവയൽ ഘടനയിൽ മാറ്റം വരുത്താനോ അത് രൂപാന്തരപ്പെടുത്താനോ പരിവർത്തനപ്പെടുത്താനോ അതിൽ നിന്നും മണലോ, കളിമണ്ണോ, മറ്റ് ധാതുലവണങ്ങളോ ഖനനം ചെയ്യുന്നതിനോ ഖരമാലിന്യങ്ങൾ നിക്ഷേപിച്ച് മലിനപ്പെടുത്തുന്നതിനോ പാടില്ല എന്ന് ഈ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. കർഷകരും ഭൂവുമകളുമായി ഇത്തരത്തിൽ ഒരു എഗ്രിമെന്റും വച്ചിട്ടില്ല.

പദ്ധതി രൂപീകരണവേളയിൽ ഈ കാര്യങ്ങൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളോ കൃഷി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

<u>പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല</u>

തരിശു ഭൂമി കൃഷി ചെയ്തതിൽ നിന്നും താല്ക്കാലികമായി നെൽകൃഷി ചെയ്തതിന്റെ ഭൂവിസ്തൃതി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും പദ്ധതി ഫലപ്രദമായി തുടർന്നു കൊണ്ടു പോകുന്നതിന് കർഷകർക്ക് കഴിഞ്ഞിട്ടില്ല എന്ന് കൃഷി ഓഫീസർ അറിയിച്ചു. വർദ്ധിച്ച കൂലിച്ചെലവ്, വന്യമൃഗങ്ങളുടെ ശല്യം, പാട്ടക്കരാറിലേർപ്പെടുന്നതിലുള്ള ബുദ്ധിമുട്ട്, മണ്ണിന്റെ അമ്ലതയിലുള്ള വ്യത്യാസം തുടങ്ങിയ പ്രതികൂലഘടകങ്ങൾ ഉള്ളതായി അറിയിച്ചു. ചുരുങ്ങിയ കാലയളവിൽ മാത്രം പാട്ടകൃഷി നടത്തിയതിനാൽ ഗുണഭോക്താക്കൾക്ക് ലാഭം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ല. നിലവിൽ ഈ ഭൂമി തരിശായി തന്നെ കിടക്കുന്നതായി അറിയിച്ചു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കൃഷി യോഗ്യമായ നെൽവയൽ തരിശായിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമങ്ങളിലെയും ചട്ടങ്ങളിലെയും നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുക.

2.പാട്ടകൃഷിക്കായി പാടശേഖരസമിതികളെയോ സ്വയംസഹായസംഘങ്ങളെയോ ഏൽപ്പിക്കുക.

3. പരമാവധി പാട്ടം നൽകാവുന്ന കാലയളവിൽ പാട്ടത്തിന് നൽകേണ്ടതും ദീർഘനാൾ തരിശായിക്കിടന്ന മണ്ണിനെ നെൽകൃഷിക്ക് അനുയോജ്യമാക്കി ഗുണഭോക്താവിന് ലാഭം കിട്ടുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

4. മതിയായ വ്യവസ്ഥകൾ ഉൾച്ചേർത്തു കൊണ്ട് പാട്ടക്കരാർ ചമക്കേണ്ടതാണ്.

5. തരിശുഭൂമികൃഷി ചെയ്യുന്ന കർഷകരുടെ പ്രശ്നങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യേണ്ടതും ആവശ്യമെങ്കിൽ കാർഷിക സർവ്വകലാശാല പോലെയുള്ള സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതുമാണ്.

# 3-2 ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നഗരസഭയുടെ സാമ്പത്തിക ഭദ്രത തകർക്കുന്നു

നഗരസഭയുടെ സ്വപ്നപദ്ധതിയും തനതു വരുമാനം വർധിപ്പിക്കാൻ ഏറെ സഹായകവും 112 കടമുറികളോടുകൂടിയതുമായ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 26.03.2013 ൽ 12,83,40,000 രൂപ വായ്പ എടുത്ത് നിർമ്മാണ പ്രവൃത്തി ആരംഭിച്ചെങ്കിലും 5 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഭാഗികമായി പ്രവൃത്തി പൂർത്തീകരിച്ച 17 കടമുറികൾ ലേലം നല്കിയതിലൂടെ സമാഹരിച്ച 48,39,928 രൂപ മാത്രമാണ് ഇതിനകം തിരിച്ചടച്ചിട്ടുള്ളത്. 12,35,00,072 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്.ഇവയ്ക്കു പുറമേ കരാർ വ്യവസ്ഥ പ്രകാരം 12% പലിശ നിരക്കിൽ ഓരോ വർഷവും 1,54,00,800 രൂപ അതായത് പ്രതിമാസം 12,83,400രൂപ പലിശ ഇനത്തിൽ മാത്രം അടച്ചു തീർക്കേണ്ട ബാധ്യതയും നഗരസഭയ്ക്കുണ്ട്. പ്രവൃത്തി പൂർത്തീകരണവും ലേലം ചെയ്യുന്നതും നീണ്ടു പോയതോടുകൂടി ഓരോ വർഷവും ഒന്നരക്കോടി രൂപയുടെ അധികബാധ്യതയാണ് നഗരസഭക്ക് വന്നിട്ടുള്ളത്.

ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ ലേലവരവിൽ നിന്നും, അഡ്വാൻസ് ഇനത്തിൽ നിന്നും ലോൺ തുക തിരിച്ചടയ്ക്കും എന്ന ധാരണയിലാണ് പദ്ധതിയുടെ സാമ്പത്തികഭദ്രത പരിഗണിച്ചതും വായ്പ അനുവദിച്ചതും. സെപ്റ്റംബർ 2014 ഓടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്നും, എട്ടു വർഷത്തിനുള്ളിൽ ക്വാർട്ടേർലി ഇൻസ്റ്റാൾമെൻറുകളായി 12% പ്രതിവർഷപലിശനിരക്കിൽ വായ്പ തിരിച്ചടക്കേണ്ടതാണെന്നും കെ.യു.ആർ.ഡി.എഫ്.സി. യുടെ നിബന്ധനകളിൽ വ്യക്തമായി പറയുന്നുണ്ട്. 04/07/2015 ലെ കെ.യു.ആർ.ഡി.എഫ്.സി./യു.എൽ.ബി/356/2012 നം കത്തിൽ ബസ് സ്റ്റാൻഡ് കം ഷോപിംഗ് കോംപ്ലക്സിലെ ഒരു ബ്ലോക്കിൻെറയെങ്കിലും നിർമ്മാണം നഗരസഭ അടിയന്തിരമായി പൂർത്തീകരിക്കണമെന്നും ആ ബ്ലോക്കിലെ കടമുറികളുടെ ലേലം നടത്തി കെ.യു.ആർ.ഡി.എഫ്.സി.യിലേയ്ക്ക് 5 കോടി രൂപ സെപ്റ്റംബർ

2015നകം തിരിച്ചടയ്ക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ നാളിതു വരെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ കടമുറികളും ലേലം നൽകുകയോ ഈ ഇനത്തിൽ നിന്നുള്ള വരവ് ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

നഗരസഭ ബസ് സ്റ്റാൻഡ് കം ഷോപിംഗ് കോംപ്ളക്സിനുള്ള ബൈലോ തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചത് നഗരസഭാ സെക്രട്ടറിയുടെ 19/10/2016ലെ നിർദ്ദേശമനുസരിച്ചാണ്. ഷോപ്പിംഗ് കോംപ്ളക്സിലെ മുറികൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ചു കൊടുക്കുന്നതിനായി പൊതുവ്യവസ്ഥകളും നിബന്ധനകളും അടങ്ങിയ ബൈലോ രൂപീകരണത്തിനായുള്ള നിർദ്ദേശം 27/10/2016 തിയതിയിൽ നഗരസഭ ധനകാര്യസമിതി മുൻപാകെ സമർപ്പിക്കുന്നതിനു തീരുമാനമെടുക്കുകയും ആയതനുസരിച്ച് ബൈലോ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഏതാനും മുറികൾ മാത്രം ലേലം ചെയ്യുകയുണ്ടായി. ലേലത്തിൻെറ തുടർനടപടിയായി, മുറികൾ ലേലത്തിനെടുത്ത വ്യക്തികളെക്കൊണ്ട് ഡെപ്പോസിറ്റ് തുക അടവാക്കുന്നതിനും കരാർ സമർപ്പിക്കുന്നതിനും ആവശ്യമായ നോട്ടീസ് അയച്ചിട്ടുണ്ടെന്നും, ബസ് സ്റ്റാൻഡിൻെറ മറ്റു പ്രവർത്തികൾ പുരോഗമിച്ചു വരുന്നതായും ഇതു സംബന്ധിച്ചുള്ള 3/13.12.2018 നം. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി നഗരസഭ വ്യക്തമാക്കിയിട്ടുണ്ട്.

മുറികൾ ലേലം ചെയ്യുന്നതിനു മുമ്പ് ബസ്സ് സ്റ്റാന്റിൽ റൂട്ട് തിരിച്ചുകൊണ്ടുള്ള ബസ്സുകളുടെ സ്ഥാനം നിർണ്ണയിച്ചു നൽകിയിട്ടില്ല. അതുകൊണ്ട് സ്റ്റാന്റിലെ തിരക്കേറിയ ഭാഗങ്ങൾ ഏതെല്ലാമായിരിക്കുമെന്ന് ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾക്ക് നിഗമനത്തിൽ എത്തിച്ചേരാൻ കഴിയാത്തതാണ് ലേലം ഏറ്റെടുക്കാൻ ആളുകൾക്ക് വിമുഖത ഉണ്ടായിട്ടുള്ളത്.




നഗരസഭയുടെ സാമ്പത്തികബാധ്യത ഇല്ലാതാക്കാനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ബസ് സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സിൻെറ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ശേഷിച്ച കടമുറികളുടെ കൂടി ലേലം/പുനർലേലം നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അതു വഴി കെ.യു.ആർ.ഡി.എഫ്.സി.യിലെ ലോൺ തിരിച്ചടവ് പൂർത്തിയാക്കി നഗരസഭയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**ഓഡിറ്റ് ശുപാർശ :**

1. ബസ്സ് സ്റ്റാന്റിൽ റൂട്ട് തിരിച്ചുകൊണ്ടുള്ള ബസ്സുകളുടെ സ്ഥാനം എത്രയും വേഗം നിർണ്ണയിച്ചു നൽകേണ്ടതാണ്. എങ്കിൽ മാത്രമേ മത്സരാധിഷ്ഠിതമായ ലേലം പ്രാവർത്തികമാകുകയുള്ളൂ.

2. ഷോപ്പിംഗ് കോംപ്ളക്സ് ഉടൻ പൂർത്തീകരിക്കേണ്ടതാണ്.

3. മുഴുവൻ മുറികളും ലേലം ചെയ്ത് സമാഹരിക്കുന്ന തുക ഉപയോഗിച്ച് ലോൺ തിരിച്ചടച്ച് അധിക ബാധ്യത ഒഴിവാക്കേണ്ടതാണ്.

4. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മറ്റു ഷോപ്പിങ് കോംപ്ലക്സുകളിൽ ഒഴിഞ്ഞുകിടക്കുന്ന മുറികൾ കൂടി ലേലം ചെയ്ത് ഒഴിവാക്കാനുള്ള യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-3 വികേന്ദ്രീകൃത എയറോബിക് സംവിധാനം ലക്ഷ്യം കൈവരിച്ചില്ല

ശേഖരിച്ച ഗാർഹിക ജൈവമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കിമാറ്റുകയും കൃഷിഭവനിലൂടെ വില്പന നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച വികേന്ദ്രീകൃത എയറോബിക് സംവിധാനം എന്ന പദ്ധതി പൂർത്തീകരിച്ചെങ്കിലും പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ല.

വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ കൂട്ടിയിടുന്ന പൊതുസ്ഥലത്തിനോട് ചേർന്ന് നിർമ്മിക്കപ്പെട്ട സംസ്കരണശാലയിലേക്ക് ജൈവമാലിന്യങ്ങൾ വീട്ടുടമസ്ഥർതന്നെ എത്തിക്കുക എന്ന പ്രാഥമിക കർത്തവ്യം നിറവേറ്റുന്നതിൽ പരാജയപ്പെട്ടതാണ് പദ്ധതിയുടെ ഇന്നത്തെ അവസ്ഥയ്ക്കു കാരണം. 3 വാർഡുകളിലെ വീടുകളിൽ നിന്നുള്ള മാലിന്യങ്ങളാണ് ഇത്തരത്തിൽ ലക്ഷ്യം വെച്ചതെങ്കിലും പത്തിൽ താഴെ വീട്ടുകാർ മാത്രമാണ് മാലിന്യം എത്തിക്കുന്നത്. മാലിന്യസംസ്കരണ രീതിയോടുള്ള ജനങ്ങളുടെ സംശയങ്ങളാണ് വിമുഖതയ്ക്കു കാരണം എന്ന് വിശദീകരിക്കപ്പെട്ടു.

1.പ്രൊജക്ട് : വികേന്ദ്രീകൃത എയറോബിക് സംവിധാനം

പ്രൊജക്ട് നം. : 159/18

അടങ്കൽ : 3618921

ചെലവ് : 10,00,000

ബിൽ നം. : 106/17-18/16.11.2017

നിർവ്വഹണ ഏജൻസി : ഐ.ആർ.ടി.സി. മുണ്ടൂർ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

നിർവ്വഹണ ഏജൻസിക്ക് 2-ാം ഗഡുവായി നൽകിയ 10,00,000 രൂപയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ മേൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ചുള്ള 13 (1)/18.12.2018 നം ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി യിൽ ഇവയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

2016-17 ൽ 625000 രൂപയും 2017-18 ൽ 1000000 രൂപയും ചെലവഴിച്ച് നിർമ്മിച്ച സംസ്കരണശാല ലക്ഷ്യത്തിൽ എത്തിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം : നൽകുന്ന തുകയ്ക്കുള്ള രശീതി വാങ്ങേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരിക്കുകയോ അടുത്തഗഡു അനുവദിക്കുകയോ ചെയ്യുന്നതിനു മുമ്പ് ചെയ്ത പ്രവൃത്തിയുടെ വിവരങ്ങൾ എം. ബുക്ക് സഹിതം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരിക്കുമ്പോൾ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഖരമാലിന്യ സംസ്കരണം പോലുള്ള പരിസ്ഥിതി സംബന്ധമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു മുമ്പുതന്നെ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ സംബന്ധിച്ചുള്ള വ്യക്തത ജനങ്ങളിൽ എത്തിക്കേണ്ടതാണ്.

മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തി പരമാവധി വീടുകളിലെ മാലിന്യങ്ങൾ പ്ലാന്റിൽ എത്തിക്കുന്നതിനു വേണ്ടി ശ്രദ്ധിക്കേണ്ടതാണ്.

# 3-4 വനിതാ തൊഴിൽ സേനാ കെട്ടിടം പ്രയോജനപ്പെടുത്തിയില്ല

വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും അതിലൂടെ കാർഷിക മേഖലയിലെ തൊഴിൽ പ്രതിസന്ധി പരിഹരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തൊഴിൽ തല്പരരായ വനിതകളുടെ സംഘം രൂപീകരിക്കുകയും അവർക്കുവേണ്ട അടിസ്ഥാനസൗകര്യം സൃഷ്ടിക്കുകയും ചെയ്യുന്നതിനുവേണ്ടി മുൻ വർഷങ്ങളിൽ കൃഷിഭവൻ കെട്ടിടത്തിനു മുകളിൽ 3 മുറികളും കൃഷിഭവനോടു ചേർന്ന് ഒരു കെട്ടിടവും നിർമ്മിച്ചു നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 56913 രൂപ ചെലവഴിച്ച് മേൽ കെട്ടിടത്തിന്റെ വയറിങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി പരിശോധനാവിധേയമാക്കിയതിൽ കെട്ടിടം പ്രവർത്തന സജ്ജമാണെങ്കിലും തൊഴിൽസേന രൂപീകരിക്കുകയോ ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല. 24.12.2018 ന് റവന്യൂ ഇൻസ്പെക്ടർ ശ്രീ അയ്യപ്പന്റെ സാന്നിധ്യത്തിൽ നടത്തിയ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ മുൻ വർഷങ്ങളിൽ തൊഴിൽസേനയ്ക്ക് അനുവദിച്ച വിവിധ കാർഷിക ഉപകരണങ്ങൾ നാളിതുവരെ പ്രയോജനപ്പെടുത്താതെ ഉപയോഗശൂന്യമായി കിടക്കുന്നതായി കണ്ടെത്തി. തൊഴിൽസേനാ കെട്ടിടത്തൽ ഉപയോഗശൂന്യമായിക്കിടക്കുന്ന വിവിധ ഉപകരണങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ഗാർഡൻ ടില്ലർ - 2 എണ്ണം

ഗ്രാസ്സ് കട്ടർ - 1 "

കോണോ വീഡർ - 1 "

മിനി ട്രാക്ടർ - 1 "

കൾട്ടിവേറ്റർ - 1 "

വിന്നോവർ - 1 "

ട്രാൻസ്പ്ലാന്റർ - 1 "

ഗേജ് വീൽ - 2 "

കൊപ്പറ ഡ്രയർ - 1 "






കൃഷിഭവൻ കെട്ടിടത്തിനു മുകളിൽ തൊഴിൽസേനയ്ക്കു വേണ്ടി നിർമ്മിച്ചു നൽകിയ 3 മുറികൾ നിലവിൽ നഗരസഭാ ജീവനക്കാർ താമസിക്കുന്നതിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. കെട്ടിടങ്ങൾ ലക്ഷ്യത്തിനനുസരിച്ച് ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് നം. : 241/18

അടങ്കൽ : 100000

ചെലവ് : 56913

ബിൽ നം. : 2/17-18/29.6.2017

കരാറുകാരൻ : പരമേശ്വരൻ

ഓഡിറ്റ് നിർദ്ദേശം : ലക്ഷങ്ങൾ ചെലവഴിച്ചു വാങ്ങിയ ഉപകരണങ്ങളും നിർമ്മിച്ച കെട്ടിടങ്ങളും നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നത് ആസൂത്രണത്തിന്റെയും മോണിറ്ററിങ്ങിന്റെയും വീഴ്ചയായി വിലയിരുത്തുന്നു. അടിയന്തരമായി തൊഴിൽസേന രൂപീകരിക്കേണ്ടതും ഉപകരണങ്ങൾ അവർക്ക് കൈമാറി പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വനിതാ തൊഴിൽ സേന രൂപീകരണം സാധ്യമാകാത്തപക്ഷം സർക്കാറിൽ നിന്നുള്ള അനുവാദത്തോടെ യുക്തമായ നടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

# 3-5 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചില്ല

നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനമായ ഒറ്റപ്പാലം താലൂക്ക് ഹോസ്പിറ്റലിലെ വൈദ്യുത ചാർജ്ജ് കുറയ്ക്കുക എന്നലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത്. പകൽ പൂർണ്ണമായും സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലമായ ഡയാലിസിസ് യൂണിറ്റിനു മുകളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. 10 KW ശേഷിയുള്ള ഓൺഗ്രിഡ് സൗരോർജ്ജ പ്ലാന്റാണ് സ്ഥാപിക്കുന്നത് എന്നതിനാൽ ആശുപത്രിയുടെ ആവശ്യത്തിനു ശേഷമുള്ള വൈദ്യുതി ഗ്രിഡിലേക്കു നൽകി ബോർഡിൽ നിന്നും ചാർജ്ജ് നഗരസഭയ്ക്ക് ഈടാക്കാവുന്നതാണ്. പദ്ധതിയുടെ നിർവ്വഹണത്തിനായി ഓഡിറ്റ് വർഷം 880000 രൂപ ANERT ന് നൽകിയെങ്കിലും

നാളിതുവരെ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

പ്രൊജക്ട് : കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ

പ്രൊജക്ട് നം. : 310/18

അടങ്കൽ : 3500000

ചെലവ് : 880000

ബിൽ നം. : 148/17-18/19.1.2018

നിർവ്വഹണ ഏജൻസി : അനർട്ട്

ഓഡിറ്റ് നിർദ്ദേശം : പദ്ധതി ഉടൻ പൂർത്തിയാക്കുന്നതിനു വേണ്ടി അനർട്ടുമായി ബന്ധപ്പെടേണ്ടതും ഓൺഗ്രിഡ് സംവിധാനത്തിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തേണ്ടതുമാണ്.

# 3-6 വിവിധ എസ്.സി കോളനികളിൽ തെരുവു വിളക്കുകൾ, എൽ.ഇ.ഡി വൽക്കരണം-രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം. : 45/18

പി.എ.സി : 490000

ചെലവ് : 486720

ബിൽ നം. : 219/17-18/28.3.2018

കരാറുകാരന്റെ പേര് : വിഷൻ ഇലക്ട്രിക്കൽസ് & ഇലക്ട്രോണിക്സ്,തൃപ്പാളൂർ

വി വിധ കോളനികളിൽ എൽ.ഇ.ഡി സ്ഥാപിക്കുന്നതിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിഷൻ ഇലക്ട്രിക്കൽസ് & ഇലക്ട്രോണിക്സ്,തൃപ്പാളൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 3380 രൂപ നിരക്കിൽ 144 എണ്ണം എൽ.ഇ.ഡി കൾക്കായി 486720 രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൽ.ഇ.ഡി സ്ഥാപിച്ചതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. എൽ.ഇ.ഡി സ്ഥാപിക്കപ്പെട്ട കോളനികളുടെ വിവരം

2.എൽ.ഇ.ഡി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന അതത് വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം

3.ഇലക്ട്രിസിറ്റി ബോർഡിൽ സൂപ്പർ വിഷൻ ചാർജ്ജ് അടച്ചതിന്റെ രശീത്

ഇതു സംബന്ധിച്ചുള്ള 11/18.12.2018 നം ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക 486720 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം : ബൾബുകൾ നഗരസഭയിൽ ലഭിക്കുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും വിതരണം ചെയ്യുമ്പോൾ സ്റ്റോക്കിൽ നിന്നും കുറവു ചെയ്ത് നീക്കിബാക്കി രേഖപ്പെടുത്തി വെക്കേണ്ടതുമാണ്. സ്ഥാപിക്കുന്ന ബൾബുകളുടെ കൃത്യമായ എണ്ണം കൗൺസിലർമാരിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്. സാധാരണ ബൾബ്, സി.എഫ്.എൽ എന്നിവ മാറ്റി എൽ.ഇ.ഡി സ്ഥാപിക്കുമ്പോൾ വൈദ്യുത ബില്ലിൽ കുറവ് രേഖപ്പെടുത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതാണ്.

# 3-7 കൺവീനർ പ്രവൃത്തിയ്ക്ക് കമ്പി, സിമന്റ് എന്നിവ വാങ്ങിയതിന് ബിൽ ഹാജരാക്കിയിട്ടില്ല, ചെലവുകൾ അക്കൗണ്ടിലൂടെ നിർവ്വഹിച്ചതിന് രേഖകളില്ല

പ്രവൃത്തിയുടെ പേര് : മീറ്റ്ന പട്ടികജാതി കോളനി കിണർ പുനരുദ്ധാരണം

പ്രൊജക്റ്റ് നം. : 343/17

അടങ്കൽ : 200144

ചെലവ് : 131179

ബിൽ നം. : 235/17-18/31.3.2018

കൺവീനർ : മോഹനൻ.പി

എം.ബുക്ക് നം. : 169/2017

മേൽ പ്രവൃത്തിയ്ക്കു വേണ്ടി കൺവീനറെയും ചെയർമാനെയും തെരെഞ്ഞെടുക്കുന്നതിനു മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവർത്തനം വിലയിരുത്തുന്നതിനുവേണ്ടി യോഗം ചേർന്നതായി കാണുന്നില്ല. വരവു ചെലവുകൾ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

മേൽ എം. ബുക്ക് ഇനം 5 പ്രകാരം 1:4 അനുപാതത്തിൽ 12 mm കനത്തിൽ 43.82 m2 വിസ്തീർണ്ണം സിമന്റ് പ്ലാസ്റ്ററിങ് നടത്തുകയും 207.96രൂപ/m2 നിരക്കിൽ 9123.20 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഇനം 6 പ്രകാരം 698 കി.ഗ്രാം കമ്പിയുടെ പ്രവൃത്തി ചെയ്തതിന് 94.14 രൂപ/കി. നിരക്കിൽ 65709.72 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സിമന്റ്, കമ്പി എന്നിവ വാങ്ങിയതിന്റെ ടിൻ നമ്പരോടുകൂടിയ ഒറിജിനൽ ബിൽ ഹാജരാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ പണമിടപാടുകൾ അക്കൗണ്ടിലൂടെ മാത്രമേ നടത്താവൂ എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല

1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2009.6 അനുസരിച്ച് കരാറുകാരന്റെ ടെന്റർ സ്വീകരിച്ചിട്ടുള്ളപക്ഷം രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. അറിയിപ്പ് അയച്ച തീയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കാം. ഈ തീയതിക്കുശേഷം 14 ദിവസത്തിനുള്ളിൽ കരാർ വെക്കാത്തപക്ഷം 1 ശതമാനം പിഴ ചുമത്തിക്കൊണ്ട് 10 ദിവസം കൂടി സമയം ദീർഘിപ്പിച്ചു നൽകാം. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര് : 108 നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം

പ്രൊജക്ട് നം. : 47/17

പി.എ.സി : 679612

ചെലവ് : 616981

ബിൽ നം. : 174/17-18/17.2.2018

കരാറുകാരന്റെ പേര് : ഹരിദാസ്.കെ

സെലക്ഷൻ നോട്ടീസ് തീയതി : 14.4.2017

എഗ്രിമെന്റ് വെക്കേണ്ട തീയതി : 28.4.2017

എഗ്രിമെന്റ് വെച്ച തീയതി : 26.5.2017

ഈടാക്കേണ്ട പിഴ : 6796രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 6796 രൂപ

പിഴ തുക ഈടാക്കി തനത്ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 പൊതുമരാമത്തു പ്രവൃത്തിയ്ക്കുവേണ്ടി ചെലവഴിച്ച താഴെ പറയുന്ന തുകകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മുനിസിപ്പൽ എഞ്ചിനീയർ ഉൾപ്പെടെയുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പിലാക്കിയ പദ്ധതികളുടെ എല്ലാ ഫയലുകൾ ഹാജരാക്കുന്നതിനുവേണ്ടി 13.12.2018 ലെ ഓഡിറ്റ് അന്വേഷണം നം. 1 പ്രകാരം ആവശ്യപ്പെട്ടിട്ടും മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്തു പ്രവൃത്തികളുടെ മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഇതിനെ തുടർന്ന് 22.12.2018 ലെ 24-ാം നമ്പർ ഓഡിറ്റ് അന്വേഷണം മുഖേന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് കുറെ ഫയലുകൾകൂടി ലഭ്യമാക്കിയെങ്കിലും 2,42,63,465രൂപയുടെ 63 ഫയലുകൾ നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയില്ല. രേഖാമൂലവും അല്ലാതെയും ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിലെ ചെലവു തുക 2,42,63,465 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം അവ നിലവിലില്ല എന്നു കരുതാവുന്നതാണ്. ആയതിനാൽ ഈ റിപ്പോർട്ട് കിട്ടി 2 മാസത്തിനകം രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിരാകരിക്കുന്നതും സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഫയലുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം. തീയ്യതി | തുക |
|---|---|---|
| 1 | 4/17-18/29.6.2017 | 619441 |
| 2 | 6/17-18/11.7.2017 | 107248 |
| 3 | 7/17-18/15.7.2017 | 461464 |
| 4 | 8/17-18/15.7.2017 | 156000 |
| 5 | 9/17-18/15.7.2017 | 85000 |
| 6 | 11/17-18/15.7.2017 | 637356 |

| | | |
|---|---|---|
| 7 | 13/17-18/15.7.2017 | 302943 |
| 8 | 17/17-18/15.7.2017 | 74617 |
| 9 | 23/17-18/15.7.2017 | 473890 |
| 10 | 41/17-18/15.7.2017 | 262608 |
| 11 | 42/17-18/15.7.2017 | 193938 |
| 12 | 43/17-18/15.7.2017 | 52925 |
| 13 | 46/17-18/15.7.2017 | 165581 |
| 14 | 49/17-18/24.7.2017 | 84677 |
| 15 | 65/17-18/29.7.2017 | 223370 |
| 16 | 73/17-18/22.8.2017 | 63839 |
| 17 | 75/17-18/23.8.2017 | 81909 |
| 18 | 76/17-18/23.8.2017 | 159626 |
| 19 | 77/17-18/23.8.2017 | 110000 |
| 20 | 78/17-18/23.8.2017 | 168594 |
| 21 | 79/17-18/23.8.2017 | 479249 |
| 22 | 80/17-18/26.8.2017 | 287073 |
| 23 | 82/17-18/26.8.2017 | 702103 |
| 24 | 83/17-18/26.8.2017 | 98570 |
| 25 | 84/17-18/26.8.2017 | 206247 |
| 26 | 85/17-18/26.8.2017 | 71473 |
| 27 | 86/17-18/26.8.2017 | 388093 |
| 28 | 87/17-18/26.8.2017 | 94543 |
| 29 | 90/17-18/26.8.2017 | 2000000 |
| 30 | 100/17-18/26.10.2017 | 567267 |
| 31 | 102/17-18/28.10.2017 | 246000 |
| 32 | 103/17-18/30.10.2017 | 1761199 |
| 33 | 109/17-18/9.1.2018 | 648054 |
| 34 | 113/17-18/9.1.2018 | 71351 |
| 35 | 118/17-18/9.1.2018 | 215860 |
| 36 | 119/17-18/9.1.2018 | 122836 |
| 37 | 129/17-18/9.1.2018 | 243347 |
| 38 | 134/17-18/9.1.2018 | 72791 |
| 39 | 142/17-18/9.1.2018 | 394165 |
| 40 | 144/17-18/9.1.2018 | 188361 |
| 41 | 145/17-18/19.1.2018 | 909490 |
| 42 | 153/17-18/19.1.2018 | 264000 |
| 43 | 156/17-18/19.1.2018 | 69301 |
| 44 | 159/17-18/19.1.2018 | 223365 |
| 45 | 166/17-18/19.1.2018 | 120000 |
| 46 | 171/17-18/14.2.2018 | 271252 |
| 47 | 172/17-18/17.2.2018 | 1052627 |
| 48 | 174/17-18/17.2.2018 | 616981 |
| 49 | 195/17-18/17.3.2018 | 186000 |
| 50 | 196/17-18/17.3.2018 | 250000 |
| 51 | 200/17-18/22.3.2018 | 805736 |
| 52 | 204/17-18/26.3.2018 | 170000 |
| 53 | 208/17-18/26.3.2018 | 1974296 |
| 54 | 209/17-18/28.3.2018 | 500000 |
| 55 | 211/17-18/28.3.2018 | 574768 |
| 56 | 215/17-18/28.3.2018 | 722018 |
| 57 | 221/17-18/28.3.2018 | 902874 |

| | | |
|---|---|---|
| 58 | 233/17-18/28.3.2018 | 426813 |
| 59 | 236/17-18/31.3.2018 | 224861 |
| 60 | 237/17-18/31.3.2018 | 1107609 |
| 61 | 241/17-18/31.3.2018 | 358067 |
| 62 | 244/17-18/31.3.2018 | 320000 |
| 63 | 246/17-18/31.3.2018 | 69700 |
| **ആകെ** | | **25463366** |

# 3-10 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് : വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ

പ്രൊജക്ട് നം. : 319/18

അടങ്കൽ : 957074

ചെലവ് : 909490

ബിൽ നം. : 145/17-18/19.1.2018

നിർവ്വഹണ ഏജൻസി :കെ.എസ്.ഇ.ബി. ഒറ്റപ്പാലം

പ്രൊജക്ട് : വിവിധ പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടൽ

പ്രൊജക്ട് നം. : 320/18

അടങ്കൽ : 3303400

ചെലവ് : 3303400

ബിൽ നം. : 196/17-18/28.9.2017 -2500000

98/17-18/9.10.2017 - 803400

നിർവ്വഹണ ഏജൻസി : എക്സി.എഞ്ചിനീയർ,കെ.ഡബ്ള്യു.എ.ഷൊർണ്ണൂർ

ഇതു സംബന്ധിച്ചുള്ള 13 (2),(3)/18.12.2018 നം ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി യിൽ ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. വിനിയോഗവിവരം ഉടൻ ലഭ്യമാക്കേണ്ടതാണ്.

# 3-11 പ്രവൃത്തികളുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കാതിരുന്നത് ഈടാക്കി

നഗരസഭയിലെ വിവിധ പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത കരാറുകാർ നിയമാനസൃത സമയ പരിധിക്കുള്ളിൽ കരാർ ചമയ്ക്കാത്തതിനാൽ അവരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെ തന്നെ കരാർ വെക്കാൻ അനുവദിച്ചിരുന്നു. ഈ അപാകത ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും 33856 രൂപ പിഴയായി ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ട്. പ്രവൃത്തികളുടെ പേരു വിവരം താഴെ കൊടുക്കുന്നു.

1 മുണ്ടഞ്ഞാറ അങ്കണവാടി റോഡ് റീ ടാറിങ്

2 മരപ്പാലം മാപ്പിള സ്കൂൾ റോഡ് ടാറിങ്ങും കോൺക്രീറ്റിങ്ങും

3 ആയുർവേദ ഹോസ്പിറ്റൽ പേ വാർഡ് നിർമ്മാണം

4 വെള്ളർണ്ണി റോഡ് മെറ്റലിങ്ങും ടാറിങ്ങും

5 അഴീക്കലപ്പറമ്പ് റോഡ് വടക്കേ വീട്ടിൽ റോഡ് സോളിങ്ങും മെറ്റലിങ്ങും ടാറിങ്ങും

6 പല്ലാർ മംഗലം റോഡ് റീ ടാറിങ്ങും

7 കോളേരി സുബ്രഹ്മണ്യക്ഷേത്രം മീറ്റ്ന റോഡ് റീടാറിങ്ങ്

8 വിവിധ അങ്കണവാടി അറ്റകുറ്റപ്പണി & കോമ്പൗണ്ട് വാൾ നിർമ്മാണം

# 3-12 അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി- കാർഷിക മേഖലയിലെ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ചാൽ നിർമ്മാണം, കനാൽ വൃത്തിയാക്കൽ, തോട് വൃത്തിയാക്കൽ എന്നീ പ്രവൃത്തികൾ മാത്രമാണ് തൻവർഷം ഏറ്റെടുത്തുനടപ്പിലാക്കിയിട്ടുള്ളത്. ഉല്പാദനപരമായതും തൊഴിലുറപ്പിൽ ഏറ്റെടുക്കാവുന്നതുമായ മറ്റു പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിച്ചിട്ടില്ല.

നഗരസഭാ പരിധിയിലുള്ള 1120 ഹെക്ടർ സ്ഥലത്ത് വിവിധയിനം കൃഷികൾ ചെയ്തുവരുന്നുണ്ടെന്നും തരിശു നിലമായ 80 ഹെക്ടർ സ്ഥലത്തിൽ 20 ഹെക്ടർ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കാവുന്ന തരിശുനിലമാണെന്നും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഇത്തരം തരിശു നിലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ(സ) 1689/15 തസ്വഭവ തീ.5.6.2015 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തരിശു നിലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ തൻവർഷം നഗരസഭ ഏറ്റെടുത്തിട്ടില്ല. കൂടാതെ സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ, കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ, ശുചിത്വം, കുടിവെള്ളം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ എന്നിവയും ഏറ്റെടുത്തിട്ടില്ല. തൊഴിലിനോടൊപ്പം പരിസ്ഥിതി സൗഹൃദത്തിനും ആസ്തി വർദ്ധനവിനും സഹായകമായ പ്രവൃത്തികൾക്ക് സാധ്യതയുണ്ടായിട്ടും ആയത് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഇവ പുന: പരിശോധിക്കേണ്ടതും അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ചുള്ള 12/18.12.2018 നം ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഇത്തരം അപാകത പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം : തരിശു നിലങ്ങൾ കൃഷിക്കനുയോജ്യമാക്കുന്നതിനുള്ള പദ്ധതികളും ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെട്ട പദ്ധതികളും ഏറ്റെടുക്കാനുള്ള സാധ്യതകൾ പരിശോധിച്ച് ഉത്തരവുകൾക്ക് വിധേയമായി ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 കന്നുകുട്ടി പരിപാലനപദ്ധതി - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം -70/18

പ്രോജക്ട് പ്രകാരം കന്നുകുട്ടി പരിപാലനത്തിനായി വികസനഫണ്ടിൽ നിന്നും 625000 രൂപ വകയിരുത്തിയിട്ടുണ്ട്. 62 ഗുണഭോക്താക്കൾക്കായി പഞ്ചായത്ത് വിഹിതമായി 387500 രൂപ ജില്ലാ തല പ്രോഗ്രാം ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയായതിനുശേഷം ഈ തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2014-15 വർഷത്തിൽ ഇത്തരം പദ്ധതിക്കായി ജില്ലാ തല പ്രോഗ്രാം ഓഫീസർക്ക് തുക കൈമാറിയിട്ടുള്ളത് പരിശോധിക്കേണ്ടതും അവയുടെ പൂർത്തീകരണ കാലാവധി 2017-18ൽ അവസാനിക്കുന്നതിനാൽ കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-14 സാധ്യത പരിശോധിക്കാതെ പദ്ധതികൾ ആവിഷ്ക്കരിച്ചതുമൂലം നിർവ്വഹണ ഘട്ടത്തിൽ അവ ഉപേക്ഷിക്കപ്പെട്ടു

വ്യവസായ വികസന ഓഫീസർ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് 2 പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|
| 104/18,<br>കളിമൺപാത്രനിർമ്മാണം | 180000 (വികസനഫണ്ട്) |
| 109/18,<br>പരമ്പരാഗത നെയ്ത്ത്<br>തൊഴിലാളികൾക്ക് പ്രോത്സാഹനം | 180000 (വികസനഫണ്ട്) |

കളിമൺപാത്ര നിർമ്മാണം പദ്ധതിക്കായി 9 ഗുണഭോക്താക്കളെ ലഭിച്ചുവെങ്കിലും അംഗീകൃതമായി മണ്ണ് ലഭ്യമാകുന്നതിനുള്ള സാധ്യതയില്ലെന്ന ഗുണഭോക്താക്കൾ തന്നെ അറിയിച്ചതിനെത്തുടർന്ന് പദ്ധതി ഉപേക്ഷിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ നെയ്ത്ത്

തൊഴിലാളികൾക്ക് പ്രോത്സാഹനം നൽകൽ പ്രോജക്റ്റിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കഴിയാത്തതിനാലാണ് പദ്ധതി ഉപേക്ഷിച്ചത്.

നഗരസഭാപരിധിയിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്ന ചെറുകിട വ്യവസായങ്ങൾ ഏതെല്ലാം എന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ പഠനം നടത്തുകയും മതിയായ ഗുണഭോക്താക്കൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്തതിനുശേഷം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

# 3-15 പൂർണ്ണമാകാത്ത ഭവനനിർമ്മാണ പദ്ധതി - നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്

2015-16 ൽ ആരംഭിച്ച മഹാത്മാഗാന്ധി ഭവന നിർമ്മാണ പദ്ധതി (300000 രൂപ അടങ്കൽ) പ്രകാരം ഭവന നിർമ്മാണം ആരംഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്, വിലാസം | ആകെ അനുവദിച്ച തുക | ഗഡു അവസാനം കൈപ്പറ്റിയ തീയതി |
|---|---|---|
| ശ്രീജ,<br>മഞ്ജു നിവാസ്,<br>കണ്ണിയംപുരം. | 120000 | 5.01.17 |
| സുജാത<br>പുഴക്കാട്ടു പറമ്പിൽ<br>ബംഗ്ലാംകുന്ന് | 30000 | 12.04.16 |
| ഭവ്യ<br>ഭവ്യ നിവാസ്,<br>പാലപ്പുറം | 210000 | 13.10.17 |
| ശോഭ ഗോപാലൻ<br>മേച്ചേരി വീട്,<br>കണ്ണിയംപുരം. | 210000 | 16.03.18 |
| ലീന,<br>കൊടപ്പനക്കാട്ടിൽ,<br>പനമണ്ണ സൗത്ത് | 30000 | 22.03.17 |

മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം വിലയിരുത്തേണ്ടതും എത്രയും പെട്ടെന്ന് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-16 സെക്രട്ടറിയുടെ സ്വകാര്യവസതിയിലേക്കുള്ള ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് നഗരസഭാഫണ്ട് വിനിയോഗിച്ചു

നഗരസഭാസെക്രട്ടറിയുടെ സ്വകാര്യഅപാർട്ട്മെന്റിലേക്ക് ആവശ്യമായ ഗൃഹോപകരണങ്ങൾ അത്യാവശ്യമായി വാങ്ങി നൽകണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി 28.7.2017 ന് മുൻസിപ്പൽ എഞ്ചിനിയർക്ക് കത്ത് നൽകുകയും തുടർന്ന് താഴെ പറയും പ്രകാരം ഗൃഹോപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്.

| ഫയൽ | വൗച്ചർ നമ്പർ | തുക | ഉപകരണങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| E1- | 626/10/17 ; | 45700 | മൈക്രോവേവ് | JHI – ശ്രീ. |


| | | | | |
|---|---|---|---|---|
| 20634/17 | ചെക്ക് നം - 485700/9.10.17 | | ഓവൻ, ടെലിവിഷൻ, വാഷിംഗ് മെഷീൻ | അബൂബക്കർ സിദ്ദിഖിനാണ് തുക നൽകിയിട്ടുള്ളത് |
| E1-17493(A)/17 | 21700924/ 4.12.17 | 37900 | ILLOYD Invertor AC 1.5 ton & V Guard stabilizer | ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല.<br>M/S Melcod Electrical & Household |
| | 21700841/ 23.11.17 | 2200 | Modem | M/S. Global System |
| E1-17493/17 | 438/24.8.2017 | 49628 | അലമാര, കട്ടിൽ, ബെഡ്, മിക്സി തുടങ്ങിയവ (കാഷ്ബുക്ക്, വൗച്ചർ എന്നിവ പ്രകാരം) | ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല. അതിനാൽ ഏതെല്ലാം ഇനങ്ങളാണ് വാങ്ങിയത് എന്ന് വ്യക്തമല്ല . |
| | ആകെ | 135428 | | |


വിവിധ കൺടിജന്റ് ബില്ലുകൾ മുഖേനയാണ് മേൽപറഞ്ഞ ചെലവുകളെല്ലാം നിർവഹിച്ചിരിക്കുന്നത്.

സെക്രട്ടറിയുടെ സ്വകാര്യവസതിയിലേക്കുള്ള ഗൃഹോപകരണങ്ങൾ നഗരസഭാ ഫണ്ട് ചെലവഴിച്ച് വാങ്ങി നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് / അനുമതി ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29/24.12.18 ന് മറുപടി ലഭ്യമാക്കിയില്ല.

സെക്രട്ടറി 5/ 2018 ൽ നഗരസഭയിൽ നിന്നും സ്ഥലം മാറ്റപ്പെടുകയും ഗൃഹോപകരണങ്ങൾ നഗരസഭയിലെ R.I തിരികെ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

Photo – 1 Reciept of RI





2. Stock register

കട്ടിൽ, ബെഡ്, സോഫ, വാഷിംഗ് മെഷീൻ എന്നിവ കൃഷിഭവനുകളിലെ സ്റ്റോർറൂമിലും ടി.വി, മറ്റ് ഉപകരണങ്ങൾ എന്നിവ നഗരസഭാകാര്യാലയത്തിലും ഉപയോഗശൂന്യമായി സൂക്ഷിച്ചിട്ടുള്ളതായി 22-12-18 ന് RI യുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ കണ്ടെത്തി. എയർകൺടീഷണർ, ഇൻവേർട്ടർ എന്നിവ സെക്രട്ടറി വാടകയ്ക്ക് താമസിച്ചിരുന്ന അപാർട്ട്മെന്റിലാണെന്നും എ.സി.യുടെ റിമോട്ട് ലഭ്യമാകാത്തതിനാലാണ് എ.സി.അവിടെനിന്നും നീക്കം ചെയ്യുവാൻ കഴിയാത്തത് എന്നും RI അറിയിച്ചു. ഗൃഹോപകരണങ്ങൾ നഗരസഭയിൽ ഉപയോഗിക്കപ്പെടാതെ അവശേഷിക്കുകയും അവ വാങ്ങുന്നതിനായി നഗരസഭാഫണ്ടിൽ നിന്നും ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറുകയും ചെയ്തു.






നഗരസഭ ഫണ്ട് ചെലവഴിച്ച് സെക്രട്ടറിക്ക് ഗൃഹോപകരണങ്ങൾ വാങ്ങിനൽകിയത് ക്രമപ്രകാരമല്ല. അനുവദനീയമല്ലാത്ത ഇനങ്ങൾക്കായി നഗരസഭഫണ്ടിൽ നിന്നും ചെലവഴിച്ച 135428 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-17 ദിവസവേതന ജീവനക്കാരുടെ നിയമനം

നഗരസഭയുടെ 2017-18 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം 25,79,218.00/- രൂപ ദിവസവേതനക്കാരുടെ വേതനം എന്ന ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട് . തനത് വരുമാനം കുറവായ നഗരസഭയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിലെ പ്രധാന ഇനമാണ് വേതനം. സർക്കാർ ഉത്തരവ് (പി)28/16/ധനം. തീയതി 26.2.2016 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായശേഷം മാത്രമേ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. എന്നാൽ നഗരസഭ മേൽ വ്യവസ്ഥ പാലിച്ചിട്ടില്ല

നഗരസഭയിലെ വിവിധ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വിവരം താഴെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| പബ്ലിക് വർക് ഓവർസിയർ | 4 |
| ഡാറ്റ എൻട്രി ഓപ്പറേറ്റർ (ജനനമരണരജിസ്ട്രേഷൻ & പ്ലാൻ സെക്ഷൻ) | 2 |
| ഡ്രൈവർ (എഞ്ചിനിയറിംഗ് വിഭാഗം) | 1 |
| ക്ലർക്ക് (പി.എം.എ.വൈ) | 1 |
| സെക്യൂരിറ്റി ജീവനക്കാർ | 2 |
| അപ്രന്റീസ് (എഞ്ചിനിയറിംഗ്) - പ്രതിമാസം 7000 രൂപ നിരക്കിൽ | 3 |

**<u>എഞ്ചിനിയറിംഗ് വിഭാഗം</u>**

എഞ്ചിനിയറിംഗ് വിഭാഗത്തിൽ 5 ഓവർസിയർമാരുടെ തസ്തികയാണ് നിലവിലുള്ളത്.

| തസ്തിക | അനുവദിക്കപ്പെട്ടത് | 2017-18 ൽ സ്ഥിര ജീവനക്കാർ |
|---|---|---|

| | | |
|---|---|---|
| | | ഉണ്ടായിരുന്ന കാലയളവ് |
| PWO-Grade 1 | 1 | 1(Full year) |
| PWO-Grade 2 | 1 | 16.5.17 to 6.1.18 |
| PWO-Grade 3 | 3 | 3 പേർ 20.2.18 മുതൽ ജോലിയിൽ പ്രവേശിച്ചു |

2017-18 ൽ താഴെ പറയുന്ന 4 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നു.

- ശ്രീ. ഉദയകുമാർ
- ശ്രീ.ഷഫീഖ് (ജൂൺ 2017 ഒഴികെ)
- ശ്രീ. രഞ്ജിത്ത്
- ശ്രീമതി.അമൃത

ഇവർക്ക് ദിവസവേതനമായി(@ 675) തൻവർഷം ആകെ 6,70,620.00 രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗത്തിലെ തസ്തികകളിലെ ജീവനക്കാരുടെ ശമ്പളം സർക്കാരിൽ നിന്നും നേരിട്ടാണ് നൽകിവരുന്നത്. ആയതിനുള്ള നിശ്ചിത തുക സർക്കാർ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്തശേഷമാണ് നഗരസഭക്ക് ഫണ്ട് അനുവദിക്കുന്നത്. അതിനാൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തേണ്ടതും വേതനം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്.. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തുന്നത് വരെ ദിവസവേതനത്തിന് ഓവർസിയർമാരെ നിയമിക്കാനാണ് 31.3.2017 തിയതിയിലെ കൗൺസിൽ തീരുമാനിച്ചത്. എന്നാൽ ഒഴിവുവിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിച്ചതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി(26/21.12.18) മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല.

24.10.2017ലെ കൗൺസിൽ (10 നമ്പർ തീരുമാനം) എഞ്ചിനിയറിംഗ് വിഭാഗത്തിലെ ദിവസവേതനക്കാരുടെ വേതനം സർക്കാർ ഫണ്ടിൽ നിന്നുമാണ് മാറിനൽകേണ്ടത് എന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് ദിവസവേതനം നൽകിയത് എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ഒഴിവുള്ള തസ്തികകളിലേക്ക് നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതും ആയതിനുള്ള വേതനം സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. നടപടിക്രമങ്ങളൊന്നും പാലിക്കാതെ ദിവസവേതനമിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 5,33,810.00രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തുക സർക്കാരിൽ നിന്നും ലഭ്യമാക്കി ഫണ്ട് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

<u>അപ്രന്റീസ് ട്രെയിനി</u>

2017-18 വർഷത്തിൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ 2 സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമക്കാരെ (പോളിടെക്നിക്) അപ്രന്റീസ് ട്രെയിനിയായി നിയമിച്ചിട്ടുണ്ട്. Industrial Training Centre, Malampuzha ITI യിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്നുമാണ് ട്രെയിനിയെ തിരഞ്ഞെടുത്തിട്ടുള്ളത്. ഇവർക്ക് പ്രതിമാസം 7000 രൂപ നിരക്കിൽ തൻവർഷം ആകെ 1,68,000.00 രൂപ സ്റ്റൈപ്പന്റായി നൽകിയിട്ടുണ്ട്. നാഷണൽ അപ്രന്റീസ് ഷിപ്പ് പ്രമോഷൻ സ്കീം പ്രകാരം അപ്രന്റീസ് സ്റ്റൈപ്പന്റിന്റെ 25% (മാസം പരമാവധി 1500) കേന്ദ്രഗവൺമെന്റ് തിരികെ നൽകുന്നതാണ്. ഇത് പ്രകാരം തൻവർഷം 36,000.00 രൂപ നഗരസഭക്ക് സർക്കാരിൽ നിന്നും തിരികെ ലഭിക്കാൻ അർഹതയുണ്ടായിരുന്നു. എന്നാൽ ഇപ്രകാരം സ്റ്റൈപ്പന്റ് റീഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികളൊന്നും നഗരസഭ ചെയ്തിട്ടില്ല. നഗരസഭ നൽകുന്ന സ്റ്റൈപ്പന്റിൽ നിയമാനുസൃതം തിരികെ ലഭിക്കാവുന്ന തുകകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ജനറൽ വിഭാഗം</u>

<u>ക്ലർക്ക്</u>

പി.എം.എ.വൈ പദ്ധതിയുടെ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിനായി തൻവർഷം ശ്രീമതി. രാധ.സി എന്ന വ്യക്തിക്ക് ദിവസവേതനമായി 710 രൂപ നിരക്കിൽ ആകെ 1,42,625 രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ (H1- 7153/2008) 10.11.2008 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്നതായി കാണുന്നു. 26.2.2011 ലെ 25 നമ്പർ കൗൺസിൽ തീരുമാനപ്രകാരം IHSDP പദ്ധതിയുടെ നിർവഹണത്തിനായി ശ്രീമതി. രാധയെ ക്ലറിക്കൽ തസ്തികയിൽ നിയമിച്ചത് അംഗീകരിക്കുകയും നഗരസഭക്ക് അനുവദിക്കപ്പെട്ട തസ്തികയല്ലാത്തതിനാൽ സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. 31-3-2017 ന് IHSDP പദ്ധതി പൂർത്തിയായതിനെ തുടർന്ന് 28.1.2016ലെ 25 നമ്പർ കൗൺസിൽ തീരുമാനപ്രകാരം പി.എം.എ.വൈ പദ്ധതിക്കായി പുനർനിയമനം നൽകിയിട്ടുണ്ട്. നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട ക്ലറിക്കൽ തസ്തികയിൽ അധികരിച്ച് പുതിയ തസ്തിക സൃഷ്ടിച്ച് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ക്രമപ്രകാരമല്ല. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കാതെ ഇപ്രകാരം ദിവസവേതനം നൽകുന്നതിന് നഗരസഭയുടെ ഫണ്ട് ചെലവഴിക്കാവുന്നതല്ല. സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 1,42,625.00 രൂപ തടസ്സപ്പെടുത്തുന്നു.

<u>സെക്യൂരിറ്റി ജീവനക്കാർ</u>

നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരായ ശ്രീ. ബാലചന്ദ്രൻ, ശ്രീ. ഇബ്രാഹിം എന്നിവർക്ക് പ്രതിദിനം 710 രൂപ എന്ന നിരക്കിൽ 2017-18 വർഷത്തിൽ ആകെ 4,75,850.00 രൂപ നൽകിയിട്ടുണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ (G1-6653/2003) 2004 മുതൽ നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതായി കാണുന്നു. നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരുടെ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ചെയർമാന്റെ നിർദേശപ്രകാരം 2004 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ 2 പേർ ജോലിചെയ്തുവരുന്നു. സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ച നടപടിക്ക് അംഗീകാരത്തിനായി 2005 ൽ സർക്കാരിന് അപേക്ഷ നൽകിയെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. അനുവദിക്കപ്പെട്ടിട്ടില്ലാത്ത തസ്തികകളിലേക്ക് നിയമനം നടത്തി വേതനം നൽകുന്നത് ക്രമപ്രകാരമല്ല. സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ 4,75,850 രൂപ തർക്കപ്പെടുത്തുന്നു

# 3-18 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - ഉപയോഗക്ഷമമല്ല

പ്രൊജക്ട് - പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് കേന്ദ്രം സജ്ജീകരിക്കൽ

പ്രൊജക്ട് നമ്പർ - 275/18

അടങ്കൽ- 880000 (CFC)

ചെലവ് - ബിൽ നമ്പർ - 34/16.3.18 – 880000

നിർവഹണം - സെക്രട്ടറി

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് കേന്ദ്രം സജ്ജീകരിക്കൽ എന്ന പദ്ധതി പ്രകാരം നഗരസഭയുടെ പനമണ്ണ ഖരമാലിന്യസംസ്കരണപ്ലാന്റിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന Plastic shredding machine ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ക്ലീൻ കേരളകമ്പനിയുടെ ഇൻവോയ്സ് പ്രകാരം മെഷീന്റെ വില താഴെ പറയും പ്രകാരമാണ്.

Shredding machine

& Bailing machine - 917343

Installation – 24600

supervision(1 Year) – 41000

Total - 982943

പദ്ധതിയുടെ അടങ്കൽ 880000 രൂപ മാത്രമാണ്. എന്നാൽ 982943 രൂപയുടെ മെഷീനറിയാണ് പദ്ധതി പ്രകാരം വാങ്ങിയത്. 2017-18 വർഷം 880000 രൂപ നൽകുകയും ബാലൻസ് തുക (102943) 2018-19 വർഷത്തിൽ പ്രൊജക്ട് വച്ച് നൽകാമെന്നുമുള്ള കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മെഷീൻ വാങ്ങിയത്. പദ്ധതി റിവൈസ് ചെയ്ത് ആവശ്യമായതുക വകയിരുത്താതെ അടങ്കലിനെക്കാളും ഉയർന്ന തുകയുള്ള മെഷിനറി വാങ്ങിയത് ക്രമപ്രകാരമല്ല. അടങ്കലിനേക്കാൾ ഉയർന്ന നിരക്കിൽ പർച്ചേസ് നടത്തേണ്ടിവരുമ്പോൾ പദ്ധതി റിവൈസ് ചെയ്ത് ആവശ്യമായ ഫണ്ട് വകയിരുത്തി അംഗീകാരം ലഭ്യമാക്കിയശേഷം മാത്രം പർച്ചേസ് നടത്തേണ്ടതാണ്.

നഗരസഭയുടെ ഖരമാലിന്യസംസ്കരണപ്ലാന്റിലെ കെട്ടിടത്തിൽ മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. കെട്ടിടത്തിൽ ആവശ്യമായ ഇലക്ട്രിഫിക്കേഷൻ നടപ്പിലാക്കാത്തതിനാലാണ് മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയാത്തത്. സംസ്കരണപ്ലാന്റിൽ 22.12.18 ന് നടത്തിയ സ്ഥലപരിശോധനയിൽ 2013-14 ൽ സ്ഥാപിച്ച പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റും നാളിതുവരെ ഉപയോഗിക്കാതെ നിർജ്ജീവാവസ്ഥയിലുള്ളതായി കണ്ടെത്തി. നിലവിലുള്ള യൂണിറ്റ് ഉപയോഗപ്പെടുത്താനുള്ള നടപടികളൊന്നും സ്വീകരിക്കാതെയാണ് 982943 രൂപ ചെലവഴിച്ച് പുതിയ യൂണിറ്റ് വാങ്ങി സ്ഥാപിച്ചത്. പുതിയ യൂണിറ്റ് വാങ്ങുന്നതിന് മുൻപായി ഇലക്ട്രിസിറ്റി കണക്ഷനുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളൊന്നും ഉറപ്പുവരുത്താതിരുന്നതിനാൽ പുതിയ യൂണിറ്റും നിഷ്ക്രിയാസ്തിയായി അവശേഷിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ -16/20.12.18 മറുപടി ലഭ്യമായില്ല) അടിയന്തിരമായി ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കി രണ്ടു യൂണിറ്റുകളും പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



കൂടാതെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ച് 10 മാസം കഴിഞ്ഞെങ്കിലും നാളിതുവരെ ഉപയുക്തമാക്കാത്തതിനാൽ ആദ്യ വർഷത്തെ സൂപ്പർവിഷൻ ചാർജായി ക്ലീൻകേരള കമ്പനി ലിമിറ്റഡിന് അനുവദിച്ച 41000 രൂപ നഗരസഭ ഫണ്ടിന് നഷ്ടമായി. മെഷീൻ

പ്രവർത്തനക്ഷമമാക്കി സൂപ്പർവിഷൻ ചാർജ് അടുത്ത വർഷത്തേക്ക് ക്രമീകരിക്കാത്തപക്ഷം തുക നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-19 പൊതുമരാമത്ത് പ്രവൃത്തികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

നഗരസഭസെക്രട്ടറി നിർവഹണം നടത്തിയ റോഡ് പ്രവൃത്തികൾക്ക് (Flood Relief Fund) താഴെ പറയും പ്രകാരം ട്രഷറിയിൽ നിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി / ഫയൽ നമ്പർ | ട്രഷറി ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | പനവര റോഡ് (E1 26913/14(A) | 17/26.10.17 | 299543 |
| 2 | ഹെൽത്ത് സെന്റർ റോഡ് (E1-9787(c)/14 | 18/26.10.17 | 400000 |
| 3 | കണ്ണപാറ അഞ്ചുർകടവ് റോഡ് (E1-28552/14(B) | 19/26.10.17 | 930971 |
| 4 | മാത്തൂർമന റോഡ് കോൺക്രീറ്റ് (E1-28582/14A) | 27/ 12.17 | 1000000 |
| 5 | ---റോഡ് പുനരുദ്ധാരണം (E1-24676(A)/12 | 24/22.12.17 | 297535 |
| 6 | കണ്ണിയംപുറം റോഡ് പുനരുദ്ധാരണം (E1- 18107(D)/18 | 25/22.12.17 | 272181 |
| 7 | അങ്കണവാടി റോഡ്കോൺക്രീറ്റ് (E1-18107/13) | 26/22.12.17 | 388108 |
| | ആകെ | | 3588338 |

ഓഡിറ്റ് എൻക്വയറി – മുഖേന ആവശ്യപ്പെട്ടെങ്കിലും ഫയലും ചെലവ് രേഖകളും ലഭ്യമാക്കിയില്ല. വിനിയോഗരേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 35,88,338.00 രൂപ തടസ്സപ്പെടുത്തുന്നു.

# 3-20 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കായി പദ്ധതിഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 1/12.12.18 & 22/21.12.18 മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമായില്ല.

| പ്രൊജക്ട്- പേരും നമ്പറും | ബിൽ നമ്പർ | തുക |
|---|---|---|
| കേരളോത്സവം(21/18) | 15/19.10.17 | 100000 |
| പദ്ധതി രൂപീകരണം(5/18) | 10/19.10.17 | 150820 |
| | 35/16.3.18 | 101400 |
| | 36/16.3.18 | 14200 |
| ആകെ | | 366420 |

കേരളപഞ്ചായത്ത് രാജ്/ മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ-1997 ലെ ചട്ടം 12(1) പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണ്. ചട്ടം 12(2) പ്രകാരം രേഖകൾ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖ നിലവില്ല എന്ന കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനത്തിൽ എത്താവുന്നതുമാണ്.

വിനിയോഗരേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 366420 രൂപ തടസ്സപ്പെടുത്തുന്നു. ഫയലും ചെലവ് രേഖകളും കണ്ടെത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-21 നായകളുടെ പ്രജനന നിയന്ത്രണ പദ്ധതി - വിനിയോഗവിവരം ലഭ്യമായില്ല

പ്രൊജക്ട് -നായകളുടെ പ്രജനന നിയന്ത്രണവും വളർത്തുനായകളുടെ പ്രതിരോധകുത്തിവയ്പും- (17/18)

അടങ്കൽ - 500000(CFC)

ചെലവ് - 500000

ബിൽ നമ്പർ - 13/19.10.17

നിർവഹണം -സെക്രട്ടറി

നായകളുടെ പ്രജനന നിയന്ത്രണ പദ്ധതി പ്രകാരം സെക്രട്ടറി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 500000 രൂപ പിൻവലിച്ചിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ എ.ബി.സി പദ്ധതിയ്ക്കുള്ള നഗരസഭ വിഹിതമായി തുക ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെയും തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണഉദ്യോഗസ്ഥൻ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്

# 3-22 ബി.ആർ.ജി.എഫ്. ഫണ്ട് -14.42 ലക്ഷം രൂപ തിരികെ ഒടുക്കേണ്ടതാണ്

കേന്ദ്രപദ്ധതിയായ ബി.ആർ.ജി.എഫിനായി നഗരസഭക്ക് ലഭിച്ച ഫണ്ടിൽ 14,42,818.00 രൂപ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. 2015 ൽ ബി.ആർ.ജി.എഫ്. സ്കീം അവസാനിച്ചുവെങ്കിലും പദ്ധതിക്കായി ലഭിച്ച ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. പി.എൻ.ബി.അക്കൗണ്ട് നമ്പർ 16293 ൽ നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുള്ള 14.42 ലക്ഷം രൂപ തിരികെ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-23 ദേശീയ നഗര ഉപജീവനമിഷൻ പദ്ധതി - ഫണ്ട് ചെലവഴിച്ചിട്ടില്ല

സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ (കുടുംബശ്രീ) എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് -12166/F/2016/KSH dated 20.1.2017 & 14.3.2017 പ്രകാരം ഒറ്റപ്പാലം നഗരസഭക്ക് താഴെ പറയും പ്രകാരം ഫണ്ട് ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 20.1.17 | 1800000 | 36 ADS @ 50000 |
| | 2800000 | 280SHG @2800000 |
| 14.3.17 | 90000 | 80 SHG @ 10000 |

ദേശീയ നഗര ഉപജീവനമിഷൻ പദ്ധതിയുടെ ഭാഗമായി സ്വയംസഹായസംഘങ്ങൾക്ക് വായ്പയായി നൽകുന്നതിനും ADS കൾക്ക് കരുതൽ ധനമായി ഉപയോഗിക്കുന്നതിനുമായാണ് ഫണ്ട് അനുവദിച്ചത്. നഗരസഭക്ക് ലഭിച്ച പ്രസ്തുത തുക – 55,00,000.00 രൂപ കുടുംബശ്രീക്ക് കൈമാറുകയും 4.8.17 ന് കുടുംബശ്രീ അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിവോൾവിംഗ് ഫണ്ടിനത്തിൽ ലഭിച്ച തുക

നാളിതുവരെ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. 9/18 വരെ ആകെ 196 SHG കൾക്ക് 17,40,000.00 രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. പദ്ധതി തുക സമയബന്ധിതമായി ചെലവഴിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-24 ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ. (എം.എസ് )നം. 71/2003/ പ്ലാനിംഗ്/ 12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടിയാണ് ആശ്രയ പദ്ധതി നടപ്പിലാക്കേണ്ടത്. 2017 ൽ ആശ്രയ പദ്ധതി അഗതിരഹിതകേരളം എന്ന ഒറ്റതവണപദ്ധതിയാക്കി പുനർരൂപീകരിച്ചിട്ടുണ്ട്.

2017-18 ൽ പ്രൊജക്ട് ഓഫീസർ നഗരദാരിദ്രനിർമ്മാർജ്ജനസെൽ നിർവഹണഉദ്യോഗസ്ഥനായി 200000 രൂപ അടങ്കലുള്ള പദ്ധതി ആശ്രയക്കായി രൂപീകരിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയില്ല. ആശ്രയ രണ്ടാം ഘട്ടത്തിനായി 111 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പോഷകാഹാരകിറ്റ് വിതരണമൊഴികെ മറ്റ് പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. കുടുംബശ്രീ മിഷനിൽ നിന്നും ചാലഞ്ച് ഫണ്ടിനത്തിൽ തൻവർഷം 515720 രൂപ വരവുണ്ട്. സ്നേഹസാന്ത്വനം എന്ന പേരിലുള്ള പോഷകാഹാരവിതരണപദ്ധതിക്കായി സപ്ലൈകോയിൽ നിന്നും 191307 രൂപയുടെ കിറ്റ് വാങ്ങിയിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ 93664 രൂപ 31-3-18 ന് നീക്കിയിരുപ്പുണ്ട്. ആശ്രയഗുണഭോക്താക്കൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികളൊന്നും തൻവർഷം നടപ്പിലാക്കിയിട്ടില്ല. ആനുകൂല്യങ്ങൾക്ക് ഏറ്റവും കൂടുതൽ അർഹതയുള്ള വിഭാഗത്തിൽ ഉൾപ്പെട്ട ആശ്രയഗുണഭോക്താക്കൾക്ക് അനുവദനീയമായ പരമാവധി ആനുകൂല്യങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-25 ലൈഫ് മിഷൻ പദ്ധതി

പ്രൊജക്ട് -ലൈഫ് മിഷൻ

പ്രൊജക്ട് നമ്പർ- 356/18

| | പ്ലാൻ | സി.എഫ്.സി | എം.ജി (നോൺറോഡ്) | ആകെ |
|---|---|---|---|---|
| അടങ്കൽ | 1235123 | 3923248 | 4685717 | 9244108 |
| ചെലവ് | 1234000 | 0 | 80000 | 1314000 |

നഗരസഭയുടെ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം മുൻവർഷങ്ങളിൽ ആനുകൂല്യം ഭാഗികമായി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ലൈഫ് മിഷൻ. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി മാത്രം വിനിയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) ഫണ്ടിൽ നിന്നും 80000 രൂപ ലൈഫ് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.
പദ്ധതിയുടെ ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം 127 ഗുണഭോക്താക്കളെ ലൈഫ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. 2017-18 ൽ 51 ഗുണഭോക്താക്കൾക്ക് അനുവദനീയമായ സബ്സിഡിയുടെ 50% മുൻകൂറായി അനുവദിച്ചിട്ടുണ്ട്. മുൻകൂർ കൈപ്പറ്റിയതിൽ 10/18 വരെയുള്ള കാലയളവിൽ താഴെ പറയുന്ന 6 പേർ പദ്ധതിയിൽ നിന്നും ഒഴിവാക്കുവാൻ അപേക്ഷ നൽകുകയും കൈപ്പറ്റിയ തുക തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

| | പ്ലാൻ വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
|---|---|---|
| ജയകുമാരി | 25000 | 151500 |
| സരസ്വതി | 40000 | 133000 |
| ഷൈലജ | | 103000 |
| ഫാത്തിമ | | 185000 |
| പ്യാരിജാൻ | | 185000 |
| ദീപനന്ദിനി | 75000 | 108000 |
| ആകെ | 140000 | 865500 |

തിരിച്ചടച്ച തുക 10,05,500 രൂപ നഗരസഭാ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സാമ്പത്തികവർഷത്തിന് ശേഷം തിരികെ ലഭിച്ച പദ്ധതി ഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നാളിതുവരെ 10 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി സബ്സിഡി കൈപ്പറ്റിയിട്ടുണ്ട്. ബാക്കിയുള്ള 35 (51-6-10)ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തിയാക്കി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-26 ലൈബ്രറിസെസ്സ് - ഒടുക്കിയിട്ടില്ല

നഗരസഭയുടെ 2017-18 വാർഷികകണക്കുകൾ പരിശോധിച്ചതിൽ ലൈബ്രറിസെസ്സ് ഇനത്തിൽ പിരിച്ചെടുത്ത 3840503രൂപ ലൈബ്രറി കൗൺസിലിന് ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. വസ്തുനികുതിയോടൊപ്പം നികുതിദായകരിൽ നിന്നും പിരിക്കുന്ന ലൈബ്രറിസെസ് തുക 6 മാസത്തിനകം ലൈബ്രറികൗൺസിലിന് നൽകേണ്ടതാണ് എന്ന് സർക്കുലർ നമ്പർ 10088/L 3/05/ lsgd/20.9.2005 – ൽ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ വർഷവും പിരിക്കുന്ന ലൈബ്രറിസെസ് രണ്ട് ഗഡുക്കളായി ( ഏപ്രിൽ 30, നവംബർ 30) ഒടുക്കേണ്ടതാണ്. ലൈബ്രറി സെസ് ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ പിഴ പലിശ ഈടാക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാർഷികകണക്കുകൾ(ബാലൻസ് ഷീറ്റ്) പ്രകാരം ലഭ്യമായ ലൈബ്രറി സെസിന്റെ വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| 2013-14 വരെ | 910798 |
| 2014-15 | 654318 |
| 2015-16 | 723225 |
| 2016-17 | 720683 |
| 2017-18 | 831479 |
| Total | 3840503 |

2013-14 വർഷത്തെ തുകയായ 567195 രൂപ 13.6.18 ന് അടവാക്കിയിട്ടുണ്ട്. ബാലൻസ് തുകയായ 3273308 രൂപ തനത്ഫണ്ടിൽ അവശേഷിക്കുന്നു. ലൈബ്രറിസെസ് നഗരസഭയുടെ ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാവുന്നതല്ല. തുക കാലതാമസം കൂടാതെ ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-27 വെള്ളക്കരം - കുടിശ്ശിക ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ , വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് (6.8.18 ലെ) പ്രകാരം 4,42,96,981 രൂപ കുടിശ്ശികയുണ്ട്. ഇതിൽ പിഴപലിശയായ 7.98 ലക്ഷം രൂപയും ഉൾപ്പെടും. വെള്ളക്കരമിനത്തിൽ വർഷങ്ങളായി നഗരസഭ തുകയൊന്നും ഒടുക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസ് പ്രകാരം 441 പൊതുടാപ്പുകളാണ് നഗരസഭയിൽ നിലവിലുള്ളത്. എന്നാൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ കണക്ക് നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. സംയുക്തപരിശോധന നടത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 2015ൽ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പരിശോധന നടത്തിയിട്ടില്ല. ജി.ഒ.(ആർ.ടി)2242/2011/ LSGD/28.9.11 ലെ നിർദേശങ്ങൾക്കനുസൃതമായി വാട്ടർ അതോറിറ്റിയോടൊപ്പം സംയുക്ത പരിശോധന നടത്തി നഗരസഭയിലുള്ള പൊതുടാപ്പുകളുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി നിർണ്ണയിച്ച് പ്രതിമാസ വെള്ളക്കരം ക്രമീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് (എം.എസ്) 80/17/LSGD/3.4.17 പ്രകാരം ഗാർഹികകണക്ഷനുകൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രൊജക്ട് 2017-18 വർഷത്തിൽ നടപ്പിലാക്കിയ സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതാണ്. വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-28 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

നഗരസഭയുടെ വാർഷികകണക്കുകൾ പ്രകാരം 3118887 രൂപ ഡെപ്പോസിറ്റ് വരവും 898164 രൂപ ചെലവുമുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം 1,59,27,434 രൂപ ഡെപ്പോസിറ്റ് തിരികെ നൽകാനുണ്ട്. മുൻകൂറായി 1222948 രൂപ നൽകുകയും 20709 തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബാലൻസ്ഷീറ്റ് പ്രകാരം 7773031 രൂപയുടെ മുൻകൂർ ക്രമീകരിക്കുവാനുണ്ട്.

ഓഡിറ്റ് എൻക്വയറി നം -1/15.12.18 &22/21.12.18 മുഖേന ആവശ്യപ്പെട്ടെങ്കിലും രജിസ്റ്ററുകൾ ലഭ്യമായില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

മുൻകൂറായി വിവിധ ആവശ്യങ്ങൾക്ക് തുക അനുവദിക്കുന്നതിന്റെയും അവ ക്രമീകരിക്കുന്നതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. മുൻകൂർ തുകകൾ സമയപരിധിക്കകം ക്രമീകരിക്കേണ്ടതും ചെലവഴിക്കാത്ത തുകകൾ തിരികെ ഈടാക്കേണ്ടതുമാണ്.

വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റുകൾക്ക് പ്രത്യേകമായി വർഷം തിരിച്ച് വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഡെപ്പോസിറ്റ് തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തിയശേഷം മാത്രം നൽകേണ്ടതാണ്. വർഷാവസാനം സംക്ഷിപ്തം തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-29 ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങി

പ്രോജക്ട് നം (എസ്.ഒ.030/2018)

പ്രോജക്ട് പേര് -കണ്ണിയംപുറം സർക്കാർ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ 17,00,000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് ബിൽ നമ്പർ 66/2017-18 തീയതി. 14.09.2017

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

സ.ഉ.(എം.എസ്) നമ്പർ.80/2017/തസ്വഭവ,തീയതി. 03.04.2017 ,പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം. 04/2016/തസ്വഭവ തിയ്യതി 11.01.2016 ഖണ്ഡിക 7.4 എന്നിവ പ്രകാരം പ്രകാരം കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പുമുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശസ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്.എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് മേൽ പ്രോജക്റ്റിൽ മരുന്ന് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 20/ 20.12.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ പദ്ധതി ഫണ്ട് ഉപയോഗിച്ച് മരുന്നുകൾ വാങ്ങുന്നപക്ഷം ഇവയ്ക്കു വേണ്ടി ചെലവഴിച്ച തുക നിരാകരിക്കുന്നതാണ്. ആയതിനാൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-30 പാലിയേറ്റിവ് കെയർ പദ്ധതി-മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ.(സാധാ)നം.3217/2015/തസ്വഭവ,29.10.15) ഖണ്ഡിക 2.5.5, 2.5.6 എന്നിവ പ്രകാരം പാലിയേറ്റീവ് പരിചരണത്തിൽ നിന്ന് ഒഴിവാക്കുന്നവരുടേയും മരണപ്പെട്ടവരുടേയും വിവരങ്ങൾ അതാത് സമയങ്ങളിൽ നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന(രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ഒഴിവാക്കപ്പെട്ടവരേയും മരണപ്പെട്ടവരേയും ഒഴിവാക്കിയ ശേഷമുള്ളവർ) രോഗികളുടെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ നിന്ന് തുക ചെലവഴിക്കാൻ പാടുള്ളതല്ല.എന്നാൽ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് 8,20,000/- രൂപ അടങ്കലും 7,73,451/-രൂപ ചെലവുമുള്ള **പാലിയേറ്റീവ് പരിചരണം** എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

# 3-31 ഒറ്റപ്പാലം നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം

**ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം**

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. ഒറ്റപ്പാലം നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിൽ സന്ദർശനം നടത്തുകയും ചെയ്തു.

പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**1. നഗരസഭയുടെ ഖരമാലിന്യ സംസ്കരണ സംവിധാനം**

32.68 ച.കി.മീ വിസ്തീർണ്ണവും 53755 ജനസംഖ്യയുമുള്ള ഒറ്റപ്പാലം നഗരസഭയിലെ 36 വാർഡുകളിലെ നിശ്ചയിക്കപ്പെട്ട മാലിന്യശേഖരണ കേന്ദ്രങ്ങളിൽ നിന്നും ശുചീകരണതൊഴിലാളികൾ നഗരസഭയുടെ വാഹനങ്ങളിൽ മാലിന്യം ശേഖരിച്ച് ഡംപിങ്ങ് യാർഡിൽ നിക്ഷേപിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. പനമണ്ണ എന്ന സ്ഥലത്ത് നഗരസഭയുടെ അധീനതയിലുള്ള 1.07 ഹെക്ടർ സ്ഥലത്താണ് മാലിന്യ സംസ്കരണ സംവിധാനം പ്രവർത്തിച്ചു വരുന്നത്.2006-07 മുതൽ 2015-16 വരെ ടെക്നോഗ്രൂപ്പ് എന്ന സ്ഥാപനമാണ് പനമണ്ണയിലുള്ള സംസ്കരണപ്ലാന്റിൽ എത്തിക്കുന്ന ജൈവമാലിന്യം സംസ്കരിച്ച് വളമാക്കി മാറ്റുന്ന പ്രവൃത്തി ഏറ്റെടുത്തു നടത്തിയിരുന്നത്. പ്രതിമാസം 220000രൂപയാണ് പ്രസ്തുത സ്ഥാപനത്തിന് നഗരസഭ നൽകിയിരുന്നത്. 2017 മുതൽ നഗരസഭ നേരിട്ടാണ് പ്ലാന്റ് നടത്തിവരുന്നത്.

കൂടാതെ കയറംപാറ എന്ന സ്ഥലത്ത് എയറോബിക് ബിൻ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിലും വളരെ കുറഞ്ഞ അളവിൽ മാത്രമേ ഇവിടെ മാലിന്യസംസ്കരണം നടത്തുന്നുള്ളൂ.




ഒറ്റപ്പാലം ടൗണിലെ മാലിന്യങ്ങളാണ് പ്രധാനമായും ശേഖരിക്കുന്നത്. റോഡ് രണ്ട് ടണ്ണോളം മാലിന്യം ദിനംപ്രതി ശേഖരിച്ച് ട്രാക്ടറിന്റെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു വന്ന് നിക്ഷേപിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെയാണ് മാലിന്യ ശേഖരണം നടത്തുന്നത്.

**എ. പ്ലാന്റിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പ്രൊജക്ടുകൾ**

2017-18 വർഷത്തിൽ പ്ലാന്റിൽ 982943 രൂപ ചെലവഴിച്ച് ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മെഷീൻ പ്രവൃത്തിപ്പിക്കുന്നതിനാവശ്യമായ ഇലക്ട്രിക് കണക്ഷൻ ലഭ്യമായിട്ടില്ല

**ബി. പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തൽ**

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനാണ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് നിലവിൽ ചാക്കുകളിൽ സൂക്ഷിച്ചിരിക്കുകയാണ്.

മാലിന്യം സ്രോതസ്സിൽ വെച്ചുതന്നെ വേർതിരിക്കുന്നതിനുള്ള നടപടികൾ പൂർണ്ണമായും ഫലവത്തായിട്ടില്ല. കൂടിക്കലർന്ന മാലിന്യങ്ങൾ ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുന്നതു മൂലം ഷ്രെഡ്ഡ് ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക്, തൊഴിലാളികളുടെ സഹായത്തോടെ വേർതിരിച്ചെടുത്ത് ശുചിയാക്കേണ്ടി

വരുന്നുണ്ട്ജൈവ മാലിന്യവും മറ്റ് അജൈവ മാലിന്യങ്ങളും സംസ്കരിക്കപ്പെടാതെ പ്ലാന്റിലെ ഷെഡ്ഡിൽ തന്നെ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് വളം ഉത്പാദിപ്പിച്ച് കർഷകർക്ക് പ്രയോജനപ്പെടുന്നവിധത്തിൽ വിതരണം ചെയ്തുവരുന്നുണ്ട് . സംസ്കരിക്കാത്ത മാലിന്യത്തിന്റെ അളവ് ക്രമാതീതമായി ഉയരുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഇടവരുത്തുന്നതാണ്.

കേന്ദ്ര ചട്ടങ്ങൾ അനുസരിച്ച് വിവിധ തരത്തിലുള്ള മാലിന്യങ്ങൾ സ്രോതസ്സിൽ വെച്ചുതന്നെ വേർതിരിക്കാതെ ശേഖരിക്കുന്നതും ഫലപ്രദമായ സംസ്കരണം നടക്കാത്തതും പ്രധാന അപാകതയാണ്.



തൊഴിലാളികളുടെ ദിവസവേതനമിനത്തിൽ പ്രതിമാസം 125000 രൂപയോളമാണ് പ്ലാന്റിലെ ചെലവ്. വൈദ്യുതി,വെള്ളം തുടങ്ങിയ മറ്റിനങ്ങൾക്കായി 2017-18 ൽ 49746 രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ ഏകദേശം 200 ചാക്ക് ജൈവവളം പ്ലാന്റിൽ സൂക്ഷിച്ചിട്ടുണ്ട്. കൃഷി ഭവന്റെ സഹായത്തോടെ വളം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2. മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വിവരം**

പ്ലാന്റിലെ ജൈവ-അജൈവ മാലിന്യം വേർതിരിക്കൽ, സംസ്കരണം എന്നീ പ്രവൃത്തികൾക്കായി 15 താത്കാലിക ജീവനക്കാരെ നഗരസഭ നിയോഗിച്ചിട്ടുണ്ട്. പ്രതിദിനം 330 രൂപ വീതം ഓരോരുത്തർക്കും വേതനമായി നൽകി വരുന്നുണ്ട്. പ്രതിമാസം 125000 രൂപയോളമാണ് ഈയിനത്തിലെ ചെലവ്. ആരോഗ്യ വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലാണ് തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നത്. നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിൽ പലതിലും സ്ഥിരം നിയമനം നടക്കാത്തതിനാൽ മേൽനോട്ടച്ചുമതല താത്കാലിക ജീവനക്കാരാണ് നടത്തുന്നത്.

**3. മാലിന്യ ശേഖരണത്തിനുള്ള വാഹനം**

ട്രാക്ടർ മാത്രമാണ് മാലിന്യം ശേഖരിക്കുന്നതിനായി നിലവിൽ ഉപയോഗിക്കുന്നത്. വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് ട്രാക്ടറിന്റെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു പോയി നിക്ഷേപിക്കുന്നുണ്ട്.

**1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 339** പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത ഏതെങ്കിലും വണ്ടി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത സംവിധാനം ഇല്ലാത്ത വാഹനമാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്.

**4. മാലിന്യം ശേഖരിക്കുന്ന രീതി**

വികേന്ദ്രീകൃത മാലിന്യസംസ്കരണസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി 2017 മുതൽ മാലിന്യശേഖരണസംവിധാനത്തിൽ കാതലായ മാറ്റം വരുത്തി. അതിന്റെ ഭാഗമായി മാലിന്യശേഖരണകേന്ദ്രങ്ങളുടെ എണ്ണം ചുരുക്കുകയും രാത്രികാല ശുചീകരണമുൾപ്പെടെ മൂന്ന് ഷിഫ്റ്റുകളിലായി നടത്തിയിരുന്ന മാലിന്യശേഖരണസംവിധാനം നിർത്തലാക്കുകയും ചെയ്തു. നിലവിൽ രാവിലെ മാത്രമാണ് റോഡ് സ്വീപ്പിംഗിന്റെ ഭാഗമായി വാഹനം ഉപയോഗിച്ച് മാലിന്യശേഖരണം നടത്തുന്നത്. വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ നേരിട്ട് മാലിന്യം ശേഖരിക്കുന്നില്ല

**5. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ**

ബയോ ഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിനായി നഗരസഭ കാര്യമായ നടപടികളൊന്നും സ്വീകരിക്കുകയോ പദ്ധതികൾ നടപ്പിലാക്കുകയോ ചെയ്തിട്ടില്ലെന്ന് പദ്ധതി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

**6. ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ**

**സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017** പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017 ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം

സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 334, 334എ, 334ബി, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ മുനിസിപ്പാലിറ്റി വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

**7. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയുടെ പാലനം**

**എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം**

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

നഗരസഭയിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനമാരംഭിച്ചിട്ടില്ല. മെഷീൻ പ്രവർത്തനം ആരംഭിക്കുമ്പോൾ പൊടിച്ചെടുക്കുന്ന പ്ലാസ്റ്റിക് പ്രയോജനപ്പെടുത്തുന്ന തിനോ ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനോ ഉള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ എന്നിവയുടെ സാങ്കേതിക സഹായം നഗരസഭയ്ക്ക് തേടാവുന്നതാണ്.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും നഗരസഭയുടെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

**ബി. ഹരിത കേരള മിഷൻ**

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യ രഹിത തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയിൽ 2018 സപ്റ്റംബർ മാസത്തിൽ എല്ലാ വാർഡുകളിലും അജൈവമാലിന്യങ്ങളുടെ ശേഖരണം നടത്തുന്നതിനായി 36 വാർഡുകളിലായി 72 പേർ അടങ്ങുന്ന ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഒരു വീട്ടിൽ നിന്നും 40 രൂപ, വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 100 രൂപ എന്ന നിരക്കിൽ യൂസർഫീ ഈടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ സാമ്പത്തികഇടപാടുകൾക്കായി സി.ഡി.എസ്.പ്രസിഡന്റ്, മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ ഇന്ത്യൻ ഓവർസീസ് ബാങ്കിൽ സംയുക്തഅക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം**

സ.ഉ(കൈ)നം.22/2018/തസ്വഭവ തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ൽരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫലപ്രദമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല. അനുവദനീയമായ ഇനങ്ങൾക്ക് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

**8. മുനിസിപ്പാലിറ്റി നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം നഗരസഭ കാര്യക്ഷമമായി പ്രയോഗിക്കുന്നില്ല എന്ന് രേഖകളുടെ പരിശോധനയിലും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

എ. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും അപ്രകാരം ചെയ്താൽ 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തേണ്ടതും 15 ദിവസത്തിനുള്ളിൽ തുക മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അത്തരത്തിലുള്ള പരിശോധനയും നടപടികളും ഫലപ്രദമല്ല.

ബി. വകുപ്പ് 340എ പ്രകാരം മാലിന്യങ്ങൾ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. അപ്രകാരമുള്ള കുറ്റം ചെയ്ത ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. അത്തരത്തിൽ പിഴ ഈടാക്കുകയോ കുറ്റസ്ഥാപനം നടത്തുകയോ ചെയ്തിട്ടില്ലെന്ന് ആരോഗ്യ വിഭാഗം അറിയിച്ചിട്ടുണ്ട്.

21-3-2018 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടൗൺ പരിസരത്തുള്ള മാലിന്യങ്ങൾ ഭാരതപ്പുഴയിലേക്ക് ഒഴുക്കി വിടുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല.

മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ നിയന്ത്രണം കാര്യക്ഷമമാക്കുവാൻ ആരോഗ്യ വകുപ്പ്, പൊലീസ് എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കേണ്ടതാണ്. നഗരസഭയിലെ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉന്നതാധികാരികളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

**9. പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ**

2016 ലെപ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഒറ്റപ്പാലം നഗരസഭയിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ മുതലായവ നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടില്ല.

**10. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങളുടെ പാലനം വിലയിരുത്തൽ**

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ നഗരസഭ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ചട്ടം | നിബന്ധന | നഗരസഭയിലെ സ്വീകരിച്ച നടപടി |
|---|---|---|
| 4 | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 50 മൈക്രോണിൽ കുറയുവാൻ പാടില്ല | ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്താവുന്ന പ്ലാസ്റ്റിക് മാലിന്യം, രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. | നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്തുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണം, ഊർജ്ജോൽപാദനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കേണ്ടതാണ്. | സാധ്യതകൾ പരിശോധിച്ചിട്ടില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുക, ശേഖരിക്കുക, കടത്തിക്കൊണ്ടു പോവുക, സംസ്കരിക്കുക, കയ്യൊഴിക്കുക. | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കാതെയാണ് ശേഖരിക്കുന്നത്.<br><br>കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 6 | സ്റ്റേക്ക് ഹോൾഡർമാർക്കിടയിൽ ബോധവൽക്കരണം നടത്തുക. | എല്ലാ വിഭാഗക്കാർക്കിടയിലും ബോധവൽക്കരണം നടത്തുന്നില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. | നടപടികൾ കാര്യക്ഷമമല്ല. |
| 6 | ചട്ടങ്ങളിലെ നിബന്ധനകൾ | അത്തരത്തിൽ ബൈലോ |

| | | |
|---|---|---|
| | ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനം ഒരു ബൈലോ രൂപീകരിക്കേണ്ടതാണ്. | രൂപീകരിച്ചിട്ടില്ല. |
| 8 | പ്ലാസ്റ്റിക് മാലിന്യ ഉൽപാദകർ മാലിന്യം ഉറവിടത്തിൽ വെച്ച് വേർതിരിക്കുകയും ഏജൻസികൾക്ക് കയ്യൊഴിക്കുകയും ചെയ്യുക. | അത്തരത്തിൽ കയ്യൊഴിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കുന്നില്ല. |
| 8 | നഗരസഭ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും ഒടുക്കുവാൻ ബാധ്യസ്ഥരാണ്. | ബൈലോ രൂപീകരിച്ചിട്ടില്ല<br>പ്ലാസ്റ്റിക് മാലിന്യത്തിന് യൂസർഫീ ഈടാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആരംഭിച്ചിട്ടില്ല. |
| 15 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>കുറഞ്ഞത് 4000 രൂപ പ്രതിമാസം ഈടാക്കേണ്ടതാണ്. | അത്തരത്തിൽ ആരും രജിസ്റ്റർ ചെയ്ത് ഫീസ് ഒടുക്കിയിട്ടില്ല. |

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിൽ നഗരസഭയ്ക്ക് ബാധകമായ പല പ്രധാന നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

**11. വിവിധ തരം മാലിന്യങ്ങളുടെ നിയന്ത്രണത്തിനുള്ള മറ്റ് കേന്ദ്ര ചട്ടങ്ങൾ**

**എ. ഖരമാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016**

**എസ്.ഒ.1357(ഇ) : പ്രാബല്യം 8-4-2016 മുതൽ**

പരിസ്ഥിതി(സംരക്ഷണ)നിയമം, 1986 ലെ 3, 6, 25 വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് നടപ്പാക്കിയ ചട്ടങ്ങൾ. മുനിസിപ്പൽ ഖരമാലിന്യ(നിയന്ത്രണവും പരിപാലനവും)ചട്ടങ്ങൾ, 2005 അതിലംഘിച്ചാണ് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചട്ടങ്ങൾ ബാധകമാണ്.

ചട്ടം 4 പ്രകാരം മാലിന്യ ഉത്പാദകർ മാലിന്യങ്ങൾ ജീർണ്ണിക്കുന്നവ (Bio degradable), ജീർണ്ണിക്കാത്തവ(Non bio degradable), വീടുകളിൽ നിന്നുള്ള അപായകരമായ മാലിന്യങ്ങൾ(Residential hazardous wastes) എന്നിങ്ങനെ വേർതിരിച്ച് മൂന്ന് പ്രത്യേക ബിന്നുകളിലായി ശേഖരിക്കേണ്ടതും കൈമാറേണ്ടതുമാണ്.

തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള ഫീസ് ഒടുക്കുവാൻ മാലിന്യ ഉത്പാദകർ ബാധ്യസ്ഥരാണ്.

ചട്ടം 15 പ്രകാരം ഓരോ വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരണം നടത്തുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. മാലിന്യശേഖരണത്തിന് ഫീസ് ഈടാക്കേണ്ടതാണ്.

ചട്ടങ്ങൾ നിലവിൽ വന്ന് ഒരു വർഷത്തിനകം ബൈലോ രൂപീകരിക്കേണ്ടതാണ്. ആവശ്യമായ ബോധവത്കരണം നടത്തേണ്ടതാണ്.

**ബി. ഇ-മാലിന്യ (നിയന്ത്രണ)ചട്ടങ്ങൾ, 2016**

**ജി.എസ്.ആർ 338(ഇ). 1-10-2016 മുതൽ പ്രാബല്യം.**

ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ഇ-മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, വാഹനത്തിൽ കൊണ്ടുപോകൽ, വേർതിരിക്കൽ, നവീകരിക്കൽ, പൊളിച്ചു കളയൽ, പുനചംക്രമണം നടത്തൽ, കയ്യൊഴിക്കൽ എന്നീ പ്രവർത്തനങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കേണ്ടതാണ്. ചട്ടം 24 പ്രകാരം ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നുണ്ടെന്ന് മുനിസിപ്പാലിറ്റി ഉറപ്പാക്കേണ്ടതാണ്.

**സി. ബയോ മെഡിക്കൽ മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016**

**ജി.എസ്.ആർ 343(ഇ). 28-3-2016 മുതൽ പ്രാബല്യം.**

ചട്ടങ്ങളിലെ ചട്ടം 6, 9(3) പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 7 പ്രകാരമുള്ള ചുമതലകൾ തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ബയോ മെഡിക്കൽ മാലിന്യ സംസ്കരണത്തിനായി ഉചിതമായ സ്ഥലം കണ്ടെത്തേണ്ടതാണ്. പട്ടികയിലെ ക്രമ നം. 5 പ്രകാരം സംസ്ഥാന സർക്കാരും ക്രമ നം. 6 പ്രകാരം സംസ്ഥാന മലിനീകരണ ബോർഡും നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിലെ മാലിന്യസംസ്കരണ പ്ലാന്റിൽ നടത്തിയ ഓഡിറ്റ് ടീം പ്രാദേശിക പരിശോധനയിൽ ഹോസ്പിറ്റൽ മാലിന്യങ്ങളും പ്ലാസ്റ്റിക്ക് വേസ്റ്റിനോടൊപ്പം പ്ലാന്റിൽ നിക്ഷേപിക്കപ്പെടുന്നതായി കാണപ്പെട്ടു. ബയോ മെഡിക്കൽ മാലിന്യം പ്ലാന്റിലെത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

**ഡി. കൺസ്ട്രക്ഷൻ ആൻറ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെൻറ് ചട്ടങ്ങൾ, 2016**

**ജി.എസ്.ആർ 317(ഇ). 29-3-2016 മുതൽ പ്രാബല്യം.**

നിർമ്മാണങ്ങളും പൊളിച്ചുമാറ്റലും നടക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാലിന്യ ഉൽപാദകരും, മുനിസിപ്പാലിറ്റിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ ശ്രമം നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തുന്നു.

**12. നഗരസഭയിലെ ഹരിത കർമ്മസേന**

നഗരസഭയിൽ 2018 സപ്റ്റമ്പർ മാസം മുതൽ എല്ലാ വാർഡുകളിലും അജൈവമാലിന്യങ്ങളുടെ ശേഖരണം നടത്തുന്നതിനായി 36 വാർഡുകളിലായി 72 പേർ അടങ്ങുന്ന ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഒരു വീട്ടിൽ നിന്നും 40 രൂപ, വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 100 രൂപ എന്ന നിരക്കിൽ യൂസർഫീ ഈടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.യൂസർ ഫീ ഈടാക്കി വീടുകളിൽ നിന്നും മാലിന്യം നേരിട്ട് ശേഖരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇക്കാര്യത്തിൽ തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

**13. ബോധവത്കരണ പരിപാടികൾ**

സ്കൂളുകളുടെ സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ആരോഗ്യ വിഭാഗം ജീവനക്കാർ അറിയിച്ചു.

**ജീവനം എക്സ്പോ** എന്ന പേരിൽ പട്ടാമ്പി യു.പി സ്കൂളിൽ വെച്ച് മാലിന്യ സംസ്കരണ ബോധവത്കരണത്തിനായി ഒരു പ്രദർശനം സംഘടിപ്പിച്ചതായും അറിയിച്ചു.

മാലിന്യ ഉത്പാദകരായ എല്ലാ വിഭാഗക്കാരേയും ബോധവത്കരിക്കുന്നതിനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

**14. ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ**

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഇക്കാര്യത്തിനായ വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ചു ചേർക്കുക, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

ബദൽ സംവിധാനങ്ങൾക്കുള്ള പ്രൊജക്റ്റുകളും നഗരസഭ ആവിഷ്കരിക്കേണ്ടതാണ്.

**15. നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങളും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും**

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ് മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികളുടെ ചുമതലയുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് രേഖകളുടെ പരിശോധയിൽ ബോധ്യപ്പെട്ടു.

ഒറ്റപ്പാലം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ 12 നിരീക്ഷണക്യാമറകൾ സ്ഥാപിച്ച് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പ്രാവർത്തികമായിട്ടില്ല. യൂസർ ഫീ നൽകുന്നത് സംബന്ധിച്ച വാണിജ്യസ്ഥാപനങ്ങളുമായി സമവായം ഉണ്ടാക്കുന്നതിനും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സുസ്ഥിരമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**16. മോണിറ്ററിംഗ് സംവിധാനം**

മാലിന്യ സംസ്കരണത്തിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. ആരോഗ്യ വിഭാഗത്തിലെ സീനിയർ ഉദ്യോഗസ്ഥൻ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ ധാരാളം പ്രൊജക്റ്റുകളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

**17. ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രയോജനപ്പെടുത്തേണ്ടതും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതുമാണ്.

8. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

9. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

10. ഹരിത കർമ്മസേനയുടെ പ്രവർത്തനം ഊർജിതമാക്കി ഗാർഹിക മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.

11. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് തിരിച്ചറിഞ്ഞ പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

13. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

14. പ്ലാന്റിന്റെ വിപുലീകരണം നടപ്പാക്കി ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

15. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവ നേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

16. മാലിന്യ നിയന്ത്രണത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കണക്കിലെടുത്ത് മാലിന്യ നിയന്ത്രണത്തിനായ നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. **മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.**

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 11521155 | ലൈഫ് | - | 11521155 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

**ഡെപ്പോസിറ്റ് പ്രവൃത്തികള്**

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം.& തീ. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| ഐ.ആർ .ടി.സി, മുണ്ടൂർ | വികേന്ദ്രീകൃത എയറോ | 106/17-18/16.11.2017 | 1000000 | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | ബിക് സംവിധാനം | | | | |
| കേരളാ വാട്ടർ അതോറിറ്റി, ഷൊർണ്ണൂർ ഡിവിഷൻ | വിവിധ പ്രദേശ ങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 96/17-18/28.9.2017<br>98/17-18 9.10.2017 | 25,00,000<br>803400 | ലഭ്യമല്ല | ലഭ്യമല്ല |
| കെ.എസ്. ഇ.ബി, ഒറ്റപ്പാലം | വിവിധ വാർഡു കളിൽ വൈദ്യുത ലൈൻ ദീർഘിപ്പി ക്കൽ | 145/17-18<br>19.1.2018 | 909490 | ലഭ്യമല്ല | ലഭ്യമല്ല |
| അനർട്ട് | സോളാർ പാനൽ സ്ഥാപിക്കൽ | 148/17-18<br>19.1.2018 | 880000 | ലഭ്യമല്ല | ലഭ്യമല്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ/ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച് ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | ലഭ്യമല്ല | 128340000 | 123500072 | 0 | | 123500072 |
| ഹഡ്കോ | ലോൺa/c - 67177 703639 | 43160649 | 24922786 | 5744141 | 1707849 | 19178645 |

- Note- വാർഷികകണക്കിൽ ബാങ്കിൽ നിന്നുള്ള ലോൺ എന്ന ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിവരം ലഭ്യമായില്ല. ലോൺ രജിസ്റ്ററിൽ ഹഡ്കോ, kurdfc എന്നീ ലോണുകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12<br>3-1 | 2013-14<br>4-8 | ടെണ്ടർ നടപടിയിലെ ക്രമക്കേട്-നഷ്ടം 4,44,536/- രൂപ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2012-13 സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്<br>IV,V | 2014-15<br>6.11 | പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് പദ്ധതി-ലക്ഷ്യം കൈവരിച്ചില്ല- നഷ്ടം 24,59,082/- രൂപ | - ടി - |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 386686175 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 315709765 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 142224 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31057129 |

**(ബി). <u>നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-8 | | 6796 | ശ്രീ. അൻസാർ അഹമ്മദ്, മുനിസിപ്പൽ എഞ്ചിനീയർ |
| 3-16 | | 135428 | ശ്രീ. സുഗതകുമാർ<br>സെക്രട്ടറി |
| | | **142224** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 486720 | ശ്രീ.കെ.അൻസാർ അഹമ്മദ്<br>മുൻസിപ്പൽ എഞ്ചിനീയർ |
| 3-9 | 25463366 | ശ്രീ.കെ.അൻസാർ അഹമ്മദ്<br>മുൻസിപ്പൽ എഞ്ചിനീയർ |
| 3-17 | 1152285 | ശ്രീ. സുഗതകുമാർ<br>സെക്രട്ടറി |
| 3-19 | 3588338 | “ |
| 3-20 | 366420 | “ |
| | 31057129 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. സുഗതകുമാർ<br>സെക്രട്ടറി | സെക്രട്ടറി<br>തൃശ്ശൂർ കോർപറേഷൻ | 5/759-1<br>റിത<br>രാമനാഥപുരം ഗ്രാമം, പാലക്കാട് -1 |
| ശ്രീ. അൻസാർ അഹമ്മദ് മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ ഒറ്റപ്പാലം നഗരസഭ | നൂർ മൻസിൽ മേട്ടുപാളയം സ്ട്രീറ്റ് പാലക്കാട് – 678001 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP22/2222/12/7.1.13 | 11 |
| 1997-98 | LFP22/942(1)/14/4.5.15 | 06 |
| 1998-99 | | 21 |
| 1999-2000 | LFP8/1108/11/2.1.12 | 17 |
| 2000-01 | LFP8/1139/11/10.1.11 | 22 |
| 2001-02 | LFP8/1463/09/17.3.10 | 20 |
| 2002-03 | LFP8/1624/10/25.3.11 | 13 |
| 2003-04 | LFP8/48/11/28.3.11 | 26 |
| 2004-05 | LFP22/603/14/10.12.14 | 8 |
| 2005-06 | LFP22/1403/14/4.2.15 | 15 |
| 2006-07 | LFP22/1998/12/7.2.13 | 8 |
| 2007-08 | LFP22/715/15/26.6.15 | 11 |
| 2008-09 | KSA-PKD22/108/16/11.3.16 | 16 |
| 2009-10 | LFP22/728/13/14.2.14 | 19 |
| 2010-11 | LFP22/640/13/8.8.14 | 24 |

| | | |
|---|---|---|
| 2011-12 | KSA-PKD-22/1325/15/15.9.15 | 14 |
| 2012-13 | LFP22/2458/14/3.7.2015 | 32 |
| 2013-14& 2014-15 | KSA-PKD/22/503/16/13.7.16 | 55 |
| 2015-16 | KSA-PKD/22/153/2017/ 31.01.2017 | 34 |
| 2016-17 | കെ.എസ്.എ-പികെഡി-22-2097/2017 28.11.17 | 59 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം -1 ഓഡിറ്റി സാക്ഷ്യപത്രം

കെ.എസ്.എ.പികെ.ഡി.21/1954/2018 12-09-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഒറ്റപ്പാലം നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. 2016-17 ലെ വാർഷികകണക്കുകൾ പ്രകാരം പ്രകാരം ആകെ നീക്കിയിരുപ്പ് തുക (ബാങ്ക്) 2017-18 ലെ വാർഷികകണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

2. വസ്തുനികുതി, തൊഴിൽ നികുതി, വാടക, ഡി& ഒ, പരസ്യനികുതി,വിനോദനികുതി എന്നീ ഇനങ്ങളുടെ രജിസ്റ്ററുകളിൽ വർഷാന്ത്യസംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

3. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

4. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

6. സ്റ്റോക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

7. ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

8. ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2 പത്രികകൾ

**(എ) രസീപ്റ്റ് &പെയ്മെന്റ്സ് സംഗ്രഹം**

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 56195877.61 |
| Cash | Cash | RP-40(a) | 227389.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 7589381.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | RP-2 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 129260.00 |
| 140000000 | Fees & User Charges | RP-4 | 9709468.00 |
| 150000000 | Sale & Hire Charges | RP-5 | 675687.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 156228268.00 |
| 170000000 | Income from Investments | RP-7 | 2100.00 |
| 171000000 | Interest Earned | RP-8 | 1612107.00 |
| 180000000 | Other Income | RP-9 | 370110.00 |
| 430000000 | Stock-in-hand | RP-36 | 5951705.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 24427410.00 |
| | Non Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 93646349.00 |
| 330000000 | Secured Loans | RP-25 | 15858631.00 |
| 340000000 | Deposits Received | RP-27 | 3118887.00 |
| 350000000 | Other Liabilities | RP-29 | 10922837.00 |
| 460000000 | Loans, Advances and Deposits | RP-41 | 20709.00 |
| | Grand total | | 386686175.61 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 12601128.00 |
| 220000000 | Administrative Expenses | RP-11 | 1882844.00 |
| 230000000 | Operations & Maintenance | RP-12 | 7699163.00 |
| 240000000 | Interest & Finance Charges | RP-13 | 3111714.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-14 | 89957249.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 1000000.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-45 | 35534476.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 33560429.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-47 | 8094570.00 |
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 105000.00 |
| 272000000 | Depreciation | RP-18 | 2000.00 |
| 350000000 | Other Liabilities | RP-29 | 16016995.00 |
| 430000000 | Stock-in-hand | RP-36 | 5951705.00 |
| 480000000 | Miscellaneous Expenditure to be written off | RP-44 | 22552083.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | 3931.00 |
| 311000000 | Earmarked Funds | RP-22 | 2353968.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 6422708.00 |
| 330000000 | Secured Loans | RP-25 | 7994141.00 |
| 340000000 | Deposits Received | RP-27 | 898164.00 |
| 350000000 | Other Liabilities | RP-29 | 24051362.00 |
| 410000000 | Fixed Assets | RP-31 | 25942371.00 |
| 412000000 | Capital work in Progress | RP-33 | 8750816.00 |
| 460000000 | Loans, Advances and Deposits | RP-41 | 1222948.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 70531013.61 |
| Cash | Cash | RP-40(b) | 445397.00 |
| | Grand Total | | 386686175.61 |

**(ബി) ഇൻകം & എക്സ്പെൻഡിച്ചർ സംഗ്രഹം**

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 25604051.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | I-2 | 0.0 |
| | (BLOCKED) | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4901260.00 |
| 140000000 | Fee & User Charges | I-4(b) | 10861042.00 |
| 150000000 | Sale & Hire Charges | I-5(b) | 675687.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 303919758.00 |
| | Subsidies | | |
| | | | |

| | | | |
|---|---|---|---|
| 170000000 | Income from Investments | I-7 | 2100.00 |
| 171000000 | Interest Earned | I-8 | 353610.00 |
| 180000000 | Other Income | I-9 | 370132.00 |
| | Total Income | | 346687640.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 42421618.00 |
| 220000000 | Administrative Expenses | I-11(b) | 12954616.00 |
| 230000000 | Operations & Maintenance | I-12(b) | 13538259.00 |
| 240000000 | Interest & Finance Charges | I-13 | 3111714.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 167027249.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14 | 26002143.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 33471016.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14 | 7509570.00 |
| | Sector Division | | |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 513214.00 |
| | Subsidies | | |
| 272000000 | Depreciation | I-17(a) | 14722769.00 |
| | Total Expenditure | | 321272168.00 |
| | Gross Surplus/ Deficit of income over Expenditure | | 25415472.00 |
| 280000000 | Prior Period Item | I-18 | -3669.00 |
| | | Gross Surplus/Deficit of Income over Expenditure after prior period items. | 25419141.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**(സി) ബാലൻസ് ഷീറ്റ് സംഗ്രഹം**

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 16163933.41 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 568990.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 317593915.00 |
| | Total Reserve & Surplus | | 334326838.41 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 78158339.39 |
| | Total Grants, Contributions for Specific Purposes | | 78158339.39 |
| Loans | | | |
| 330000000 | Secured Loans | B-5 | 155347618.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 155347618.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 15927434.00 |
| 350000000 | Other Liabilities | B-9 | 19701611.14 |
| | Total Current Liabilities and Provisions | | 35629045.14 |
| | **TOTAL LIABILITIES** | | **603461840.94** |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 198175004.00 |
| 411000000 | Accumulated Depreciation | B-11 | -55275995.00 |
| 412000000 | Capital Work in Progress | B-11 | 342680245.00 |
| | Total Fixed Assets | | 485579254.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 26922307.33 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -10341245.00 |
| 450000000 | Cash and Bank Balance | B-17 | 70976410.61 |
| 460000000 | Loand, Advances and Deposits | B-18 | 7773031.00 |
| | Total Current Assets, Loans and Advances | | 95330503.94 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 22552083.00 |
| | Total Miscellaneous Expenditure (To | | 22552083.00 |

| | | | |
|---|---|---|---|
| | the Extent not written off) | | |
| | TOTAL ASSETS | | **603461840.94** |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**